# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെല്ലാനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി.3)1609/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 16/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെല്ലാനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി.3)1609/23 തീയ്യതി: 16/12/2023

## എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 11-10-2023 | 19-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-10-2023 | 19-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.റസിയാ ബീവി ജെ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.ജോസഫ് ജോർജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുമാരി.മേഴ്സി കെ പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനീഷ് ടി എസ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.എൽ ജോസഫ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.ജയശ്രീ. നായ്ക്ക് | സെക്രട്ടറി | 01-04-2022 | 17-06-2022 |
| ശ്രീമതി.രശ്മിമോൾ.പി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-06-2022 | 07-07-2022 |
| ശ്രീമതി.സീജ ജോസഫ് | സെക്രട്ടറി | 08-07-2022 | 03-10-2022 |
| ശ്രീ.ഷാജു.പി.ഇ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-10-2022 | 17-10-2023 |
| ശ്രീ.ആനന്ദൻ ടി വി | സെക്രട്ടറി | 18-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഇന്ദുശ്രീ.ഐ.ബി | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.മഞ്ജു.വി | മെഡിക്കൽ ഓഫീസർ.ആയൂർവേദം | 01-04-2022 | 31-03-2023 |
| ഡോ.ഷൈന.എസ്. | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി,കണ്ടക്കടവ് | 01-04-2022 | 31-03-2023 |
| ഡോ.സാംസൺ.എസ് | മെഡിക്കൽ ഓഫീസർ.ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി.വിനില സി വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി .രാജേശ്വരി | വി.ഇ.ഒ (കണ്ണമാലി) | 01-04-2022 | 31-03-2023 |
| ശ്രീ. പ്രതീഷ്കുമാർ ജി | വി.ഇ.ഒ (ചെല്ലാനം) | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷൈജ.കെ.എസ് | കൃഷി ഓഫീസർ | 01-04-2022 | 31-07-2022 |
| ശ്രീമതി ഗായത്രി എം എൻ | കൃഷി ഓഫീസർ | 01-08-2022 | 31-03-2023 |
| ഡോ.രമ്യ.ജി.കൃഷ്ണൻ | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി, ചെല്ലാനം | 01-04-2022 | 31-03-2023 |
| ശ്രീമതി.ജിനി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | മുന്നിരുപ്പ് തുക പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | വസ്തുനികുതി ഡി.സി.ബി.കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ പൂർണ്ണമല്ല. | 1-1-5 |
| 7 | ധനകാര്യ പത്രികയിൽ തൻവർഷത്തെ ടെണ്ടർ ഫോറവില കിട്ടാനുള്ളത് രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരുപ്പ് വിവരങ്ങൾ ലഭ്യമല്ല. | 1-1-7 |
| 9 | ട്രഷറി ക്യൂ ബില്ലുകൾ ക്യാൻസൽ ചെയ്തില്ല.അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ ചെലവ് കൃത്യമല്ല. | 1-1-8 |
| 10 | പഞ്ചായത്തിന്റെ യഥാർത്ഥ ബാധ്യതകൾ പൂർണ്ണമായും കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം ) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം. | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | തനത് വരുമാനം അവലോകനം | 1-11 |
| 21 | ഗ്രാമസഭ | 1-12 |
| 22 | ദുരിതാശ്വാസ നിധി- പ്രവർത്തനരഹിതം | 1-13 |
| 23 | ലേല കുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-14 |
| 24 | സ്ഥാപന തൊഴി**ൽ** നികുതി- ഈടാക്കിയിട്ടില്ല. | 1-15 |
| 25 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല. | 1-16 |
| 26 | ജീവനക്കാരുടെ തൊഴിൽനികുതി -വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-17 |

| | | |
|---|---|---|
| 27 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും സ്വകാര്യ ആശുപത്രികളുടെയും രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമായില്ല. | 1-18 |
| 28 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-19 |
| 29 | എഫ് എച്ച് സി ചെല്ലാനം മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-20 |
| 30 | പി.എച്ച്.സി കണ്ടക്കടവിലേക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-21 |
| 31 | ചെല്ലാനം എഫ്.എച്ച്.സിയിലേക്ക് റീയേജന്റ് വാങ്ങൽ - നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചില്ല | 1-22 |
| 32 | ഹരിതകർമ്മ സേന പ്രവർത്തനങ്ങൾ - മുഴുവൻ ഗ്രാമവാസികളുടെയും സഹകരണം കിട്ടുന്നില്ല | 1-23 |
| 33 | മരണപ്പെട്ടവർക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി. | 1-24 |
| 34 | അംഗൻവാടികളുടെ ഫിറ്റ്നസ്സ് ഉറപ്പാക്കണം | 1-25 |
| 35 | HDPE ചട്ടികൾ വാങ്ങൽ- അപാകങ്ങൾ | 1-26 |
| 36 | രജിസ്ട്രേഷൻ ഓൺലൈനിൽ - റദ്ദാക്കൽ ഓഫ് ലൈനിൽ | 1-27 |
| 37 | സാക്ഷരത മിഷൻ തുല്യതാപഠനം-ഫീസ് നൽകൽ- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-28 |
| 38 | പ്രൊജക്റ്റുകളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. | 1-29 |
| 39 | സമഗ്രശിക്ഷ കേരള (എസ്.എസ്.കെ) വിഹിതം നൽകൽ -വിനിയോഗവിവരങ്ങൾ ലഭ്യമായിട്ടില്ല. | 1-30 |
| 40 | സ്ഥിരനിക്ഷേപങ്ങളുടെ കാലാവധി യഥാസമയം പുതുക്കിയില്ല – പലിശ നഷ്ടം | 1-31 |
| 41 | ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം- അപാകതകൾ | 1-32 |
| 42 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ -തെരുവ് വിളക്കുകളുടെ ഇനം, എണ്ണം എന്നിവ സംബന്ധിച്ച് കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. | 1-33 |
| 43 | ആയുർവേദ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-34 |
| 44 | ദുരന്ത നിവാരണ കമ്മിറ്റി | 1-35 |
| 45 | റോഡ് ആസ്തി മാപ്പിംഗ് - പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. | 1-36 |
| 46 | എം.സി.എഫ് -പ്രവർത്തനക്ഷമമാക്കിയിട്ടില്ല. | 1-37 |
| 47 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നു. | 1-38 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.06.2023 ലെ 6(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 22.06.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 31 മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 12.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹131,34,916.00 /- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+FinancingActivity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹43,10,385.00/- യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 മുന്നിരുപ്പ് തുക പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റ് ചെയ്ത ധനകാര്യപത്രിക പ്രകാരം മുന്നിരുപ്പും (RP 40 (B) ) 2022-23 വർഷത്തെ ഓഡിറ്റിനായി ലഭ്യമാക്കിയ ധനകാര്യപത്രിക പ്രകാരം മുന്നിരുപ്പും (RP 40 (A))തമ്മിൽ ₹ 10 വ്യത്യാസമുണ്ട്. ഇത് U.B.I E-payment അക്കൗണ്ടിന്റെ നീക്കിയിരിപ്പിൽ വന്ന വ്യത്യാസം മൂലമാണ്.

1-1-4 വസ്തുനികുതി ഡി.സി.ബി.കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള ഡി.സി.ബി.യിൽ ഗ്രാമപഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമായിട്ടുള്ള സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-5 അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ പൂർണ്ണമല്ല.

വാർഷിക ധനകാര്യപത്രിക ബി-18 ഷെഡ്യൂളിലെ അഡ്വാൻസ് നീക്കിയിരിപ്പുകളുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ അഡ്വാൻസ് രജിസ്റ്റർ പ്രകാരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തുക, നൽകിയ തിയതി, കരാർ കാലാവധി, പ്രോജക്ട് നമ്പർ പോലുള്ള അത്യാവശ്യവിവരങ്ങൾ ഇതുമൂലം പരിശോധനക്ക് ലഭ്യമായിട്ടില്ല.

1-1-6 ധനകാര്യ പത്രികയിൽ തൻവർഷത്തെ ടെണ്ടർ ഫോറവില കിട്ടാനുള്ളത് രേഖപ്പെടുത്തിയിട്ടില്ല

ഇ-ടെണ്ടർ ഫീസ് ഒടുക്കുന്നതിനായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ കണ്ടക്കടവ് ശാഖയിൽ കറന്റ് അക്കൗണ്ട് (അക്കൗണ്ട് 3712776528) ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിന്റെ പാസ്സ്ബുക്ക് പരിശോധിച്ചതിൽ 31/03/2023 ൽ ₹ 6185 നീക്കിയിരുപ്പായി സൂക്ഷിച്ചിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്ത് ആസ്തി ബാദ്ധ്യത കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ UBI-345302010019413 – അക്കൗണ്ടിലും നീക്കിയിരിപ്പുണ്ട്. ഈ തുകയും പഞ്ചായത്തിന്റെ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

1-1-7 ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരുപ്പ് വിവരങ്ങൾ ലഭ്യമല്ല.

UBI Old Plan Fund A/c No ( 345302010018002) അക്കൗണ്ടിന്റെ 31/03/2023 ലെ നീക്കിയിരുപ്പായി ₹1,896 , Corporation Bank Distress Relief A/c No( 520101060255907) ₹5,205 വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ടുകളുടെ പാസ്സ്ബുക്ക് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പഴയ വാർഷിക കണക്കുകളിലെ വിവരങ്ങൾ അതേപോലെ രേഖപ്പെടുത്തിയതാണെന്നും അക്കൗണ്ടുകളുടെ നിലവിലെ നീക്കിയിരുപ്പിന്റെ വിവരങ്ങൾ അറിയില്ലായെന്നുമാണ് വിശദീകരണം ലഭിച്ചത്. വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയ നീക്കിയിരുപ്പ് തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

1-1-8 ട്രഷറി ക്യൂ ബില്ലുകൾ ക്യാൻസൽ ചെയ്തില്ല.അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ ചെലവ് കൃത്യമല്ല.

2023 മാർച്ച് 31 ന് ട്രഷറി ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട ബില്ലുകളുടെ റിക്വസിഷൻ ക്യാൻസൽ ചെയ്തിട്ടില്ലാത്തതിനാൽ വിവിധ ഫണ്ടുകളുടെ വാർഷിക കണക്കിലേയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെയും ചെലവുകൾ പൊരുത്തപ്പെടുന്നില്ല.

1-1-9 പഞ്ചായത്തിന്റെ യഥാർത്ഥ ബാധ്യതകൾ പൂർണ്ണമായും കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2023 മാർച്ച് 31 ന് ഗ്രാമപഞ്ചായത്ത് നൽകേണ്ടതായിട്ടുള്ള ഡ്രൈവർ ഉൾപ്പടെയുള്ള ദിവസ/ കരാർ ജീവനക്കാരുടെ വേതനം, ഭരണസമിതി അംഗങ്ങളുടെ ഓണറേറിയം, ബില്ല് ലഭിച്ചിട്ടും ഒടുക്കാൻ ബാക്കിയുള്ള വാട്ടർ അതോറിറ്റി പൊതുടാപ്പുകളുടെ വെള്ളക്കരം പോലുള്ള ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 14.03.2022 തിയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 16.03.2023 തിയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| റിവൈസ്ഡ് ബജറ്റ് പ്രകാരം | |
|---|---|
| പ്രാരംഭ ബാക്കി | 3,02,76,377.00 |
| വരവ് | 34,10,68,023.00 |
| ആകെ | 37,13,44,400.00 |
| ചെലവ് | 33,28,70,927.00 |
| നീക്കിയിരിപ്പ് | 3,84,73,473.00 |

1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 3,21,27,470.83 |

| | |
|---|---|
| വരവ് | 9,22,29,679.00 |
| ആകെ | 12,43,57,149.83 |
| ചെലവ് | 7,90,94,763.00 |
| നീക്കിയിരിപ്പ് | 4,52,62,386.83 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 51476000 | 51476000 | 49639145 | 0 | 1836855 |
| വികസനഫണ്ട്-SCP | 0 | 5858000 | 5858000 | 5438828 | 0 | 419172 |
| വികസനഫണ്ട്-TSP | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് (ബേസിക് ഗ്രാന്റ്)- ബാങ്ക് | 5222966 | 9004742 | 14227708 | 4287688 | 9940020 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് (ബേസിക് ഗ്രാന്റ്) – ട്രഷറി | 0 | 699332 | 699332 | 0 | 0 | 699332 |
| ധനകാര്യകമ്മീഷൻ അവാർഡ്(ടൈഡ് ഗ്രാന്റ്) ബാങ്ക് | 9779394 | 12195000 | 21974394 | 2542774 | 19431620 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് (ടൈഡ് ഗ്രാന്റ്) ട്രഷറി | 0 | 2495926 | 2495926 | 1983135 | | 512791 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 994000 | 994000 | 852387 | 0 | 141613 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം | 0 | 9888000 | 9888000 | 6010880 | 0 | 3877120 |
| ഹെൽത്ത് ഗ്രാന്റ് | 0 | 160000 | 160000 | 0 | 0 | 160000 |
| ഹെൽത്ത് ഗ്രാന്റ്(infra) | 0 | 293019 | 293019 | 0 | 0 | 293019 |
| ICDS(320100196) | 2525399 | 1861264 | 4386663 | 713747 | 3672916 | 0 |
| Total Sanitation (320100181) | 12000 | 0 | 12000 | 0 | 12000 | 0 |
| NPPD | 494091 | 202462 | 696553 | 499065 | 197488 | |
| Other Schemes | 0 | 399090 | 399090 | 0 | 399090 | |
| Rural Housing | 342000 | 5060000 | 5402000 | 5070177 | 331823 | |
| BSUP | 2047114 | 58170 | 2105284 | 0 | 2105284 | |
| Suchitwa Mission | 2100994 | 249826 | 2350820 | 249826 | 2100994 | |

ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്, ബേസിക് ) എന്നിവയിൽ ബാങ്ക്, ട്രഷറി എന്നിവിടങ്ങളിൽ വന്ന വരവ് ചെലവ് കണക്കുകളും ട്രഷറിയിലെ ലാപ്സായ തുക, ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും റിക്വിസിഷൻ തയ്യാറാക്കുകയും ചെലവ് തനത് ഫണ്ടിൽ (P.B.I.G) നിന്നും ചെലവ് നടത്തുകയും റിക്വിസിഷൻ തയ്യാറാക്കാതെ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവ് നടത്തിയതും പോലുള്ള കാര്യങ്ങളാലാണ് പൊരുത്തക്കേട് സംഭവിച്ചിട്ടുള്ളത്. ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന ധാരാളം പദ്ധതികൾ ഏറ്റെടുക്കുകയും ഇങ്ങനെ വിതരണം ചെയ്യുന്ന തുകകളിൽ ചിലത് മാറാതെ തിരികെ വരുകയും ചെയ്യുന്നതുപോലുള്ള കാര്യങ്ങളാലും കണക്കിൽ പൊരുത്തക്കേട് വന്നിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ചത് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 205 | 203306297 | 150 | 108334822 | 142 | 08 | 55 | 69.26% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4,684.00 | 9,43,918.00 | 9,48,602.00 | 9,48,602.00 | 0 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 2,61,80,398.00 | 2,61,80,398.00 | 2,61,80,398.00 | 0 |
| ആകെ | 4,684.00 | 2,71,24,316.00 | 2,71,29,000.00 | 2,71,29,000.00 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 14,88,000 | 117 |
| വിധവാ പെൻഷൻ | 1,25,90,400 | 1094 |
| വാർദ്ധക്യകാല പെൻഷൻ | 4,09,93,800 | 4209 |
| വികലാംഗ പെൻഷൻ | 3,78,5000 | 311 |
| വിവാഹ ധനസഹായം | 90,000 | 3 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 19,22,400 | 162 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.10.2023ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4471/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാകുന്നില്ല.
2.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ വിവരങ്ങൾ സമഗ്രമാക്കി തയ്യാറാക്കിയിട്ടില്ല.

3. പഞ്ചായത്തിന്റെ ആസ്തികൾ യഥാസമയം പേരിൽകൂട്ടുകയോ, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി സംരക്ഷിക്കുകയോ ചെയ്യുന്നില്ല.

4. പൊതു ടാപ്പുകളുടേയും, തെരുവ് വിളക്കുകളുടേയും കൃത്യമായ കണക്ക് വിവരം പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
7. ടെണ്ടറുകൾ സമയബന്ധിതമായി നടത്തുന്നില്ല. ആവശ്യകത മുൻകൂട്ടി മനസ്സിലാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നില്ല
8. നികുതി നികുതിയേതര വരുമാനസ്രോതസ്സുകൾ കണ്ടെത്തുന്നതിനും വരുമാനചോർച്ച ഇല്ലാതാക്കുന്നതിനും പ്രാധാന്യം നൽകുന്നതായി കാണുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെയും ഭരണസമിതിയുടെയും സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.02.2021 | 10.10.2020മുതൽ 31.12.2020വരെ | 03.03.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2014-15 മുതൽ 2018-19വരെ | 27.09.2019 |

## 1-11 തനത് വരുമാനം അവലോകനം

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശ പ്രകാരം ചെല്ലാനം ഗ്രാമപഞ്ചായത്ത് തനത് വരുമാന അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, ലൈസൻസ്,വാടക, വസ്തുനികുതി, എന്നിവയിലെ ഡിമാൻഡ്/കളക്ഷൻ എന്നിവ പരിശോധിച്ച് നികുതി /നികുതിയേതര വരവുകളുടെ വർദ്ധനവിനുതകുന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### കെട്ടിട നികുതി

ഗ്രാമപഞ്ചായത്തിൽ പരിധിയിൽ തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തേണ്ടതാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും മേഖല അടിസ്ഥാനത്തിലുള്ള വർദ്ധനവുകൾ ഒഴിവായിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 ഉപചട്ടം (1) പ്രകാരം ഗ്രാമപഞ്ചായത്ത് പൊതുവായി ഏർപ്പെടുത്തിയിട്ടുള്ളതുമായ സേവനങ്ങൾക്ക് അധികമായി ഏതെങ്കിലും കെട്ടിടത്തിന് വേണ്ടി സേവനം പ്രത്യേകമായി സേവനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ടി ചെലവിന് ആനുപാതികമായി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടത്തിന്റെ ഉടമസ്ഥനിൽനിന്ന് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### തൊഴിൽ നികുതി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, പ്രൊഫഷണലുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ മുഴുവൻ ഡാറ്റ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയതിന്റെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ച് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്ത് തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായവരുടെ മുഴുവൻ ആളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ നികുതി പിരിവ് പുരോഗതി അവലോകനം സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾ,എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ഇവ നടത്തുന്നതിനു പ്രധാനമായും ആശ്രയിക്കുന്നത് തനത് വരുമാനത്തെയാണ്. വസ്തു നികുതി വരുമാനം ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചും ഫീൽഡ് പരിശോധന നടത്തിയും ലൈസൻസ് ഫീസ്,തൊഴിൽ നികുതി, മറ്റ് വരുമാനങ്ങൾ ഇവയിൽ നിന്നു പഞ്ചായത്തിന് ലഭിക്കുന്ന വരുമാനം തീരെ കുറവായതിനാൽ മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് ലഭ്യമാക്കുന്നതിനും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനും കൂടുതൽ ഭാവനാപൂർണ്ണമായ നടപടികൾ സ്വീകരിക്കേണ്ടതും പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതും വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം.84/22/ തസ്വഭവ തീയതി 19/04/2022 യിലെ ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ഗ്രാമസഭ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. തൻവർഷം ഗ്രാമപഞ്ചായത്തിൽ നിയമപ്രകാരമുള്ള ഇടവേളകളിൽ ഗ്രാമസഭ യോഗം ചേരുകയും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ചർച്ചചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-13 ദുരിതാശ്വാസ നിധി- പ്രവർത്തനരഹിതം

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്.

ചെല്ലാനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ പേരിൽ കോർപറേഷൻ ബാങ്കിൽ ദുരിതാശ്വാസ നിധിയ്ക്കായി

അക്കൗണ്ട് ഉണ്ടെങ്കിലും (അക്കൗണ്ട് നം. 520101060255907) നിലവിൽ പ്രവർത്തനരഹിതമാണ്.തൻവർഷം മുന്നിരിപ്പും നീക്കിയിരിപ്പുമായി വാർഷിക കണക്കിൽ 5205/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നിധിയുടെ വിനിയോഗം സംബന്ധിച്ച് ഏകോപനം നടത്തുന്നതിനായുള്ള സബ്കമ്മറ്റി പ്രസ്തുത കാലയളവിൽ രൂപീകരിച്ചിട്ടുണ്ടെങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും ആനുകൂല്യങ്ങൾ അനുവദിക്കാത്തത് മാതൃകാപരമായ നടപടിയല്ല.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-14 ലേല കുടിശ്ശിക ഈടാക്കിയിട്ടില്ല.

2022-23 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള താഴെ ചേർക്കുന്ന ചാലുകളുടെ ലേലവുമായി ബന്ധപ്പെട്ട കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.ഹെഡ് ഓഫ് അക്കൗണ്ട്(431400103)

| ക്രമ നം | ലേലക്കാരന്റെ പേര് | ലേല തുക | കുടിശ്ശിക തുക |
|---|---|---|---|
| 1 | ജിക്സൺ ജോസഫ് | 4599999/- | 2299999/- |
| 2 | കെ എ വിൻസന്റ് | 865000/- | 170000/- |
| 3 | ഒ വി ആന്റണി | 2033001/- | 1016500/- |
| ആകെ | | | 3486499/- |

മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയായ 6814655/-രൂപയുൾപ്പെടെ ആകെ 10301154/-രൂപ ഈ ഇനത്തിൽ കുടിശ്ശിക ഉള്ളതായി കാണുന്നു. മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയായ 6814655/-രൂപയുടെ വിശദാംശങ്ങളും ആകെ കുടിശ്ശിക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടി വിവരങ്ങളും അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 17/16.10.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലേല കുടിശ്ശിക പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-15 സ്ഥാപന തൊഴിൽ നികുതി- ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ 2022-23 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 8/15.10.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.സ്ഥാപന തൊഴിൽ ഡിമാന്റ്ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | റിമാർക്ക്സ് |
|---|---|
| സപ്ലൈകോ,ചെല്ലാനം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| ചെല്ലാനം സർവ്വീസ് സഹ.സംഘം.681 | ആദ്യ പകുതിയും, രണ്ടാം പകുതിയും |

1-16 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല.

2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള താഴെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 22/18.10.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.പഞ്ചായത്ത് മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്ത കരാറുകാരിൽനിന്നും തൊഴിൽ നികുതി ഡിമാന്റ്ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | ശ്രീ.എ എക്സ് ജോസഫ് |
| 2 | ശ്രീ.എ എക്സ് ജൂഡ് തദേവൂസ് |
| 3 | ശ്രീ.ലോറൻസ് ബാബു പി എ |

| | |
|---|---|
| 4 | ശ്രീ. ദീപക് എം സി |
| 5 | ശ്രീ.കെ എ ജെൽട്ടൻ |
| 6 | ശ്രീ.ഉണ്ണി ജൂഡ് |
| 7 | ശ്രീ.കെ കെ ജെയിംസ് |
| 8 | ശ്രീ.സന്തോഷ് എ റ്റി |
| 9 | ശ്രീ.ആന്റണി ജോയൽ |
| 10 | ശ്രീ.നോബി ആന്റണി |
| 11 | ശ്രീ.രാജേഷ് തോമസ് |
| 12 | ശ്രീ.റയാൻ എൻ എ |
| 13 | ശ്രീ.സാം ആന്റണി |
| 14 | ശ്രീ.സ്റ്റോംസൺ സേവ്യർ |
| 15 | ശ്രീ.വിക്ടർ പി എ |

1-17 ജീവനക്കാരുടെ തൊഴിൽനികുതി -വിവരങ്ങൾ ലഭ്യമാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 22/18.10.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ബാധകമായ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ്ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ജീവന ക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | ഹണി ഇൻഡസ്ട്രീസ് | 4/132 | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 2 | മറിയം സ്റ്റീൽസ് | 4/300 | 08 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 3 | ആഷ്ലു എൻറർപ്രൈസസ് | 2/290 | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 4 | ഡിവൈൻ ട്രേഡേഴ്സ് | 21/513എ | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 5 | പോളയിൽ ഫിഷറീസ് | 17/222 | 10 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 6 | ചാക്കുണ്ണി സൺസ് | 11/208 | 10 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 7 | വിനുസ് ഗാർഡൻ | 1/393എ | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 8 | മിനീസ് ബേക്ക് ഹട്ട് | 17/319 | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 9 | വിസ്പറിംഗ് മാങ്ക് | 11/253 | 03 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 10 | വേൾഡ് ഇൻറ്റീരിയർ | 16/188 | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 11 | വി.ടി.ജെ മറൈൻ | 2/319 | 10 | ആദ്യപകുതിയും രണ്ടാംപകുതിയും |

1-18 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും സ്വകാര്യ ആശുപത്രികളുടെയും രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമായില്ല.

കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ) പ്രകാരം താഴെപറയുന്ന സ്വകാര്യ ആശുപത്രികൾ/ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2022-23 കാലയളവിൽ രജിസ്ട്രേഷൻ/ലൈസൻസ് പുതുക്കിയിട്ടുണ്ടോയെന്ന് അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 21/18.10.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രജിസ്ട്രേഷൻ/ലൈസൻസ് പുതുക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|

| | |
|---|---|
| 1 | ആൻസ് ക്ലിനിക്ക് |
| 2 | പ്രൈമറികെയർ ഡയഗ്നോസ്റ്റിക്സ് |

1-19 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പ്രോജക്ടിന്റെ നം/ വർഷം | S0061/23 |
| അടങ്കൽ തുക / ഫണ്ട് | 400000/- രൂപ. /മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ ബിൽ നം തിയതി | 400000/-രൂപ., 360/2023,തീയതി.23/02/2023 |

2022-23 വർഷം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്ടിനായി ആകെ 4,00,000/- രൂപ മെഡിക്കൽ ഓഫീസർ(ഹോമിയോ) ചെലവഴിച്ചെങ്കിലും 1,46,270/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഹോംകോ ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി 2,53,730/- രൂപയ്ക്കുള്ള മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 01/15.10.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 2,53,730/- രൂപയ്ക്കുള്ള മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതു വരെ 2,53,730/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 എഫ് എച്ച് സി ചെല്ലാനം മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എഫ് എച്ച് സി ചെല്ലാനം മരുന്ന വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി ചെല്ലാനം |
| പ്രോജക്ടിന്റെ നം/ വർഷം | 20/23 |
| അടങ്കൽ തുക / ഫണ്ട് | 10,00,000/- രൂപ., /മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ ബിൽ നം തിയതി | 1000000/-രൂപ.<br>1)16311/- No.41701/21.3.23<br>2)983689/- No.77988/25.3.23 |

2022-23 വർഷം എഫ് എച്ച് സി ചെല്ലാനം ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുവാങ്ങൽ എന്ന പ്രൊജക്ടിനായി ആകെ 10,00,000/- രൂപ മെഡിക്കൽ ഓഫീസർ എഫ് എച്ച് സി ചെല്ലാനം ചെലവഴിച്ചതിൽ 16311/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി 9,83,689/- രൂപയ്ക്കുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതും, പതിനാലാം പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി 28.5.2022 ൽ നിർദ്ദേശിച്ചതു പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റും പരിശോധനക്കായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 3/15.10.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.9,83,689/-രൂപയ്ക്കുള്ള മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതുവരെ 983689/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 പി.എച്ച്.സി കണ്ടക്കടവിലേക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സി കണ്ടക്കടവ് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. കണ്ടക്കടവ് |
| പ്രോജക്ടിന്റെ നം/ വർഷം | 9/23 |
| അടങ്കൽ തുക / ഫണ്ട് | 6,00,000/- രൂപ., മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ ബിൽ നം തീയതി | 5,99,690/-രൂപ. 286/28.01.23 |

2022-23 വർഷം പി.എച്ച്.സി. കണ്ടക്കടവ് ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്ടിനായി ആകെ 5,99,690/- രൂപ മെഡിക്കൽ ഓഫീസർ പി.എച്ച്.സി. കണ്ടക്കടവ് ചെലവഴിച്ചതിൽ 1,46,670/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി 4,53,020/- രൂപയ്ക്കുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 2/15.10.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 4,53,020/- രൂപയ്ക്കുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കി

സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതുവരെ 4,53,020/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 ചെല്ലാനം എഫ്.എച്ച്.സിയിലേക്ക് റീയേജന്റ് വാങ്ങൽ - നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എഫ് എച്ച് സി ചെല്ലാനം റീ-ഏജന്റ് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി ചെല്ലാനം |
| പ്രോജക്ടിന്റെ നം/ വർഷം | 228/23 |
| അടങ്കൽ തുക / ഫണ്ട് | 60000/- രൂപ., മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ ബിൽ നം തീയതി | 45857/-രൂപ. No.70601/16.03.23 |

ചെല്ലാനം എഫ് എച്ച് സി യിലേക്ക് റീ-ഏജന്റ് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം സ്പെഷ്യാലിറ്റി ഡയഗ്നോസ്റ്റിക് ഏജൻസീസ്, കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നും റീ-ഏജന്റ് വാങ്ങുന്നതിന് മേൽ നം ബിൽ പ്രകാരം 45,857/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 15,000/- മുതൽ 1,00,000/- രൂപ വരെയുള്ള പർച്ചേസുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്വർമെൻറ് മാന്വൽ പ്രകാരം (സ.ഉ(അ)നം. 259/2010/തസ്വഭവ തീ.08.11.2010) 5,000/- മുതൽ 25,000/- രൂപ വരെയുള്ള പർച്ചേസുകളും ക്വട്ടേഷൻ മുഖേന നടത്തണമെന്നിരിക്കെ ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ച് വാങ്ങൽ നടത്തിയതായി ഫയലിൽ കാണുന്നില്ല. ക്വട്ടേഷൻ ഇല്ലാതെ നേരിട്ട് 45,857/-രൂപയ്ക്ക് വാങ്ങിയതിനുള്ള കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.5/15.10.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ച മാത്രം സാധനങ്ങൾ വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-23 ഹരിതകർമ്മ സേന പ്രവർത്തനങ്ങൾ - മുഴുവൻ ഗ്രാമവാസികളുടെയും സഹകരണം കിട്ടുന്നില്ല

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മ സേന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തികവർഷം രണ്ട് പ്രൊജക്ടുകളിലായി 5,04,894/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതിയുടെ നമ്പർ / പേര് | എസ്.0103/23 ഹരിതകർമ്മസേന പ്രവർത്തനങ്ങൾ | എസ്.0101/23 ഹരിതകർമ്മസേനയ്ക്ക് ട്രോളി |
|---|---|---|
| അടങ്കൽ | 3,83,560/- | 3,62,104/- |
| ചെലവ് | 1,48,000/-(എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 3,56,894/- |
| ബിൽ നം. / ചെക്ക് നം. തീയതി / തുക | 91/14.09.22/9440/-<br>90/14.09.22/4490/-<br>89/14.09.22/1300/-<br>128/14.10.22/4500/-<br>129/14.10.22/5487/-<br>163/30.11.22/8850/-<br>179/08.12.22/6450/-<br>219/22.12.22/39576/-<br>245/07.01.23/9498/-<br>315/13.02.23/7850/-<br>338/21.02.23/2596/-<br>367/27.02.23/28,493/-<br>406/15.03.23/1534/-<br>484/24.03.23/19470/- | 421/16.03.23/39,568/-<br>1016/07.03.23/ 2,49,826/-<br>171687/22.03.23/56,793/-<br>171688/22.03.23/7,138/-<br>171689/22.03.23/3,569/-<br>ആകെ- 356894/- |

| | | |
|---|---|---|
| | ആകെ- 1,49,534/- ( As Per ACR) | |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |

മേൽ പ്രൊജക്ടുകൾ പ്രകാരം ഹരിതകർമ്മസേന പ്രവർത്തകർ വാർഡ് തലത്തിൽ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് ശുചിത്വം ഉറപ്പാക്കുന്നുണ്ട്. പ്ലാസ്ററിക് മാലിന്യങ്ങൾ വീടുകളിൽ നിന്നും കടകളിൽ നിന്നും ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട യൂസർ ഫീ കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നം. | ഫെബ്രുവരി - 2023 | മാർച്ച് - 2023 | സഞ്ചയ പ്രകാരം വീടുകളുടെ എണ്ണം |
|---|---|---|---|
| | മാലിന്യം ശേഖരിച്ച വീടുകളുടെ / കടകളുടെ എണ്ണം | മാലിന്യം ശേഖരിച്ച വീടുകളുടെ / കടകളുടെ എണ്ണം | |
| 1 | 80/- | 84/2 | 613 |
| 2 | 60/4 | 73/5 | 461 |
| 3 | 58/1 | 56/1 | 587 |
| 4 | 157/8 | 141/7 | 475 |
| 5 | 126/5 | 120/2 | 519 |
| 6 | 183/5 | 183/8 | 467 |
| 7 | 70/2 | 94/4 | 544 |
| 8 | 144/6 | 83/2 | 476 |
| 9 | 114/10 | 100/7 | 331 |
| 10 | 75/5 | 83/4 | 609 |
| 11 | 160/2 | 186/3 | 537 |
| 12 | 178/4 | 160/2 | 548 |
| 13 | 103/2 | 97/5 | 428 |
| 14 | - | 50/- | 622 |
| 15 | 146/3 | 168/5 | 581 |
| 16 | 51/3 | 100/7 | 459 |
| 17 | 84/2 | 99/3 | 460 |
| 18 | 143/5 | 163/7 | 509 |
| 19 | 212/10 | 178/15 | 542 |
| 20 | 223/7 | 232/8 | 653 |
| 21 | 104/18 | - | 772 |
| ആകെ | | | 11193 |

ഗ്രാമപഞ്ചായത്തിൽ 21 വാർഡുകളിലായി പാർപ്പിടാവശ്യത്തിനുള്ള 11193 വീടുകൾ ഉണ്ടെങ്കിലും വളരെ ചെറിയ ശതമാനം ജനങ്ങൾ മാത്രമേ മാലിന്യ ശേഖരണത്തിൽ സഹകരിക്കുന്നുള്ളൂ എന്ന് മേൽ വിവരിച്ച കണക്കുകൾ പ്രകാരം വ്യക്തമാകുന്നുണ്ട്. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വീടുകളും സ്ഥാപനങ്ങളും ഇതിൽ പങ്കാളികളാകുന്നില്ല എന്നത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷിച്ചതിന് മറുപടിയായി, ഹരിതകർമ്മ സേന പ്രവർത്തകരുടെ ഫീൽഡ് പ്രവർത്തന അനുഭവങ്ങൾ നിർവഹണ ഉദ്യോഗസ്ഥ വിവരിച്ചു. ഭൂപ്രകൃതിയുടെ പ്രത്യേകതയാൽ ഗ്രാമവാസികൾ പലരും മാലിന്യങ്ങൾ ഹരിതകർമ്മ സേനയ്ക്ക് കൈമാറാതെ കടലിൽ എറിയുന്ന പ്രവണത നിലവിലുള്ളതായും ഓഡിറ്റിനെ വാക്കാൽ അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ കെട്ടിടങ്ങളിൽ നിന്നും മാലിന്യശേഖരണം ഉറപ്പാക്കുന്നതിന് എന്ത് ക്രമീകരണമാണ് നിലവിലുള്ളത് എന്ന വിവരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അഭിപ്രായവും പരിഗണിച്ചുകൊണ്ട് ഓഡിറ്റിന് ലഭ്യമാക്കുവാനും ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയത്തിൽ നിർദേശങ്ങൾ നൽകിക്കൊണ്ട് മോണിറ്ററിംഗ്

നടത്തുന്നുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം. 16/16.10.23) ലഭ്യമാക്കിയ മറുപടിയും പരിഗണിച്ചുകൊണ്ടാണ് പരാമർശം ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ പങ്കാളികളാകാത്തവർക്ക് പിഴയോടു കൂടി നോട്ടീസ് തയ്യാറാക്കി വരുന്നതായി മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-24 മരണപ്പെട്ടവർക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി.

മരണപ്പെട്ടവരുടെ പെൻഷൻ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ പാലിച്ചുകൊണ്ട് പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്യാതെ തുകകൾ വിതരണം നടത്തിക്കൊണ്ടിരിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/19.10.23) ലഭ്യമാക്കിയ മറുപടി പരിഗണിച്ചുകൊണ്ടാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

1.ആക്ടീവായി തുടരുന്ന പെൻഷൻ അക്കൗണ്ടുകൾ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് ,മരണപ്പെട്ട തീയതി | ആധാർ നം. | പെൻഷൻ, സ്റ്റാറസ് | അനർഹമായ കാലയളവിലെ തുക (അക്കൗണ്ടിൽ നിക്ഷേപിച്ച) | ലഭ്യമാക്കിയ മറുപടി | ഓഡിറ്റ് നിർദേശം |
|---|---|---|---|---|---|---|
| 1 | കെ.ഡി. ആന്റണി, 24.02.23 | 779653521351 | വാർദ്ധക്യകാല പെൻഷൻ, ആക്ടീവ് | 1600 X4= 6400 | ലിസ്റ്റിൽ നിന്ന് ഒഴിവാക്കി. തുക തിരികെ അടവാക്കി റിപ്പോർട്ട് ചെയ്യുന്നതാണ്. | തുക തിരികെ അടവാക്കി രേഖകൾ ഹാജരാക്കുക. |
| 2 | ചിന്നമ്മ , 17.12.22 | 939071477474 | വിധവ പെൻഷൻ, ആക്ടീവ് | 1600x6=9600 | കൊച്ചി കോർപറേഷന് കത്ത് നൽകുന്നതാണ്. | ” |

2.ഗുണഭോക്താവിന് കൈമാറാത്ത തുകകൾ

| ഗുണഭോക്താവിന്റെ പേര് , മരണപ്പെട്ട തീയതി | പെൻഷൻ ID | പെൻഷൻ, സ്റ്റാറസ് | ഗുണഭോക്താവിന് കൈമാറാത്ത കാലയളവ്, തുകകൾ | ഓഡിറ്റ് നിർദേശം |
|---|---|---|---|---|
| മേരി, കെ.പി., 23.12.2021 | 106650204320 | വാർദ്ധക്യ കാല പെൻഷൻ, സസ്പെന്റഡ് | 1/22- 6/22 1600x6 =9600/- | ഗുണഭോക്താവിന് കൈമാറാത്ത തുകകൾ (ഡയറക്ട് ടു ഹോം ) തിരികെ ഡി.ബി.റ്റി. സെല്ലിൽ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. |

3. മരണപ്പെടുന്നവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച സർക്കുലർ നമ്പർ 63/2021/ ധന.തീയതി 02.08.2021 ലെ ക്രമ നം (1) പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ

ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി, മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം പത്താം തീയതിക്കുമുമ്പ് അറിയിക്കേണ്ടതും ആയത് പരിശോധിച്ച്, മരണപ്പെട്ട അനർഹരായ ഗുണഭോക്താക്കൾക്കുള്ള പെൻഷൻ, ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറി സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്. മേൽ സർക്കാർ സർക്കുലർ പ്രകാരം സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. 2022-23 കാലയളവിൽ ചെല്ലാനം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട മരണങ്ങൾ എത്രയെന്നും ആയവയിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉണ്ടായിരുന്നോ എന്നും ആയതിൽ സ്വീകരിച്ച തുടർവിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4. സർക്കുലർ നമ്പർ 63/2021/ ധന.തീയതി 02.08.2021 പ്രകാരം കുമ്പളങ്ങി ഗ്രാമപഞ്ചായത്തിൽ നിന്ന് കത്തയച്ചിട്ടും തുടർനടപടി സ്വീകരിക്കാതെ പെൻഷൻ ആക്ടീവായി തുടരുന്നതിനാൽ തുടർന്നും വിതരണത്തിനായി തുകകൾ ബാങ്കിനു കൈമാറിക്കൊണ്ടിരിക്കുന്നതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കത്ത് നം. തീയതി | ഗുണഭോക്താവിന്റെ പേര് ,മരണപ്പെട്ട തീയതി | പെൻഷൻ,ID സ്റ്റാററസ് | പെൻഷൻ നൽകുന്ന തദ്ദേശ സ്ഥാപനം |
|---|---|---|---|---|
| 2 | 400622/SADC01 /GPO/2022 /2283/(1)/ 24.08.2022 | കെ. എൻ. രവീന്ദ്രൻ, 11.07.22 | കർഷക തൊഴിലാളി പെൻഷൻ (106650100324), ആക്ടീവ് - 1/23 To 6/23 – 1600 X 6 = 9600/- തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | ചെല്ലാനം ഗ്രാമ പഞ്ചായത്ത് |

ഓഡിറ്റ് എൻക്വയറിയെ തുടർന്ന് പെൻഷൻ സസ്പെന്റ് ചെയ്തു. മേൽ കത്ത് ലഭ്യമായിട്ടുണ്ടോ എന്നത് അറിയിക്കുവാൻ ആവശ്യപ്പെട്ടതിന് കത്ത് ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാണ് മറുപടി നൽകിയത്. തുക തിരികെ അടവാക്കി റിപ്പോർട്ട് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നാളിതുവരെ തുടർനടപടി സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് നിർദേശങ്ങൾ പാലിച്ച് തുടർ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ട തുകകൾ സെക്രട്ടറിയുടെ ബാധ്യതയായി പരിഗണിക്കുന്നതാണ്.

## 1-25 അംഗൻവാടികളുടെ ഫിറ്റ്നസ്സ് ഉറപ്പാക്കണം

2022-23 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന അംഗൻവാടികളുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റുകൾ ഓഡിറ്റിനായി ഹാജരാക്കിയത് പരിശോധിച്ചു. അതിൽ 13 അംഗൻവാടികൾക്ക് " അൺഫിറ്റ് " സർട്ടിഫിക്കറ്റുകളാണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം പ്രകാരം രേഖപ്പെടുത്തി നൽകിയിരിക്കുന്നത്. ഇതിന്റെ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് ( എൻക്വയറി നം.15/15.10.23) ലഭ്യമാക്കിയ മറുപടിയിൽ രണ്ട് അങ്കണവാടികൾ(വാർഡ് നം. 4 ലെ 61-ാം നം. അംഗൻവാടിയും വാർഡ് നം. 8ലെ 54-ാം നം അംഗൻവാടി യും)ഒഴികെ മറ്റുള്ളവ നന്നാക്കുകയും അവിടെ നിന്നും സ്ഥലം മാറുകയും ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചു. വാർഡ് നം. 4ലെ 61-ാം നം. അംഗൻവാടിയിലെ പ്രവർത്തനം ഇൻഹാബിറ്റഡ് ഹൗസിന്റെ ഹാളിലേക്ക് മാറ്റിയിട്ടുണ്ട്. വാർഡ് നം. 8ലെ 54-ാം നം അംഗൻവാടി മെയിന്റനൻസ് നടത്തിവരുന്നതായും അറിയിച്ചു. വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധയിൽ പെടുത്തുന്നു. എല്ലാ അംഗൻവാടികളും വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കി പ്രവർത്തിപ്പിക്കേണ്ടതാണ്.

### 1-26 HDPE ചട്ടികൾ വാങ്ങൽ- അപാകങ്ങൾ

കൃഷി ഓഫീസർ നിർവഹണം നടത്തിയ താഴെ ചേർക്കുന്ന പ്രൊജക്ട് പ്രകാരം 441 പേർക്ക് H.D.P.E ചട്ടികൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റിന്റെ നം. / പേര് | എസ്.0222/23/ പച്ചക്കറി കൃഷിക്ക് HDPE ചട്ടികൾ |
| ഫണ്ട്, അടങ്കൽ | വികസന ഫണ്ട് (ജനറൽ)<br>661500 + 220500 ( ഗുണഭോക്തൃ വിഹിതം)<br>ആകെ 8,82,000/- |
| ചെലവ്-<br>ബിൽ നം.,ചെക്ക് നം./തീയതി | 6,61,500/-436/16.03.23<br>2,20,500/-6196627 /22.03.2023 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ, ചെല്ലാനം |

2022-23 വാർഷിക പദ്ധതിയിലെ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിനായി 19.11.2022 ന് രാവിലെ 11.30 മണിക്ക് എറണാകുളം ജില്ലാ കളക്ടറുടെ ചേമ്പറിൽ വച്ച് ചേർന്ന ജില്ലാതല വിദഗ്ധ സമിതി യോഗത്തിന്റെ നടപടിക്കുറിപ്പ് പ്രകാരം പുനർനിശ്ചയിച്ച തുക താഴെ ചേർക്കും പ്രകാരമാണ്.

| ഘടകം | നിലവിൽ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് | പുനർ നിശ്ചയിച്ച തുക |
|---|---|---|
| 5b. പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി( സൈസ്-10-12 ഇഞ്ച്) പച്ചക്കറി തൈ, ട്രാൻസ്പോർട്ടേഷൻ ചെലവ് എന്നിവ ഉൾപ്പെടെ) | 150-160 | 10- ഇഞ്ച് 170 രൂപ<br>12- ഇഞ്ച് 200 രൂപ( 170-200) |

മേൽ പദ്ധതിക്കായി വാങ്ങിയ ചട്ടികളുടെ ഇൻവോയ്സിൽ ( നം. 698/04.03.2023, വെള്ളാങ്ങല്ലൂർ കാർഷിക സേവന കേന്ദ്രം) ചട്ടികളുടെ അളവ് രേഖപ്പെടുത്താതെ 4410 X 200 = 8,82,000/- എന്ന നിരക്കിലാണ് തുക കണക്കാക്കിയിട്ടുള്ളത്. ആയതിനാൽ അളവ് പ്രകാരം അർഹമായ തുകയാണോ ചെലവഴിച്ചിരിക്കുന്നതെന്ന് അറിയുവാൻ കഴിയുന്നില്ല. ആയത് വ്യക്തമാക്കാതെ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 29/18.10.23) മറുപടി ലഭ്യമാക്കിയില്ല. അളവ് പ്രകാരം അർഹമായ തുകയാണോ ചെലവഴിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുന്നതു വരെ ചെലവ് തുകയായ 8,82,000/- രൂപ തടസ്സപ്പെടുത്തുന്നു.

### 1-27 രജിസ്ട്രേഷൻ ഓൺലൈനിൽ - റദ്ദാക്കൽ ഓഫ് ലൈനിൽ

ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണം സെക്രട്ടറിയുടെ നടപടിക്രമം പ്രകാരം റദ്ദ് ചെയ്തതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| അപേക്ഷകയുടെ പേര്, നം. തീയതി | മരണ രജി. നം.തീയതി | മരണപ്പെട്ടയാളുടെ പേര്, മരണ തീയതി | റദ്ദാക്കിയ നടപടിക്രമം | റദ്ദാക്കലിന്റെ കാരണം |
|---|---|---|---|---|
| നിമ്മി അഗസ്റ്റിൻ 440/23 | 25/2023,01.02.2023 | മേരി, കെ.പി., 23.12.2021 | എസ്.സി.2-525/2023 /01.02.2023 | മരണം നടന്നിട്ട് ഒരു വർഷത്തിനു ശേഷമുള്ള |

| | | | | |
|---|---|---|---|---|
| /27.01.2023 | | | | രജിസ്ട്രേഷന് ഡിവിഷണൽ മജിസ്ട്രേട്ടിന്റെ ഉത്തരവ് ആവശ്യമാണ്. |

ഇത് സംബന്ധിച്ച് താഴെ ചേർക്കുന്നവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 26/19.10.23) മറുപടി ലഭ്യമാക്കിയില്ല.

A. ആയത് ഓൺലൈൻ രജിസ്ട്രേഷൻ ആയതിനാൽ ടി റദ്ദാക്കൽ ഓൺലൈനിൽ നടപ്പിലാക്കിയിട്ടുണ്ടോ എന്ന വിവരം.

B. മരണം നടന്നിട്ട് ഒരു വർഷത്തിന ശേഷമുള്ള രജിസ്ട്രേഷന് ഡിവിഷണൽ മജിസ്ട്രേട്ടിന്റെ ഉത്തരവ് ആവശ്യമായതിനാൽ ആയത് ലഭ്യമാക്കി ശരിയായ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ രേഖകളും ലഭ്യമാക്കേണ്ടതാണ്.

C. ടി വിവരങ്ങൾ അറിയിച്ചുകൊണ്ട് അപേക്ഷകയ്ക്ക് കത്ത് നൽകിയതിന്റെ രേഖകളും ആയതിൻമേൽ സ്വീകരിച്ച തുടർവിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

ആവശ്യമായ എല്ലാ അനുബന്ധ രേഖകളും ലഭ്യമാകാതെ മരണ രജിസ്ട്രേഷൻ ഓൺലൈനിൽ നടത്തപ്പെടുകയും അതിനുശേഷം തെറ്റ് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്തതായി സെക്രട്ടറി നടപടിക്രമം തയ്യാറാക്കുകയുമാണ് ചെയ്തിരിക്കുന്നത്. ടി ഓഫ് ലൈൻ റദ്ദാക്കലിന് യാതൊരു പ്രസക്തിയും ഇല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ആവശ്യമായ എല്ലാ അനുബന്ധ രേഖകളും ഉൾപ്പെടുത്തിയാൽ മാത്രം രജിസ്ട്രേഷൻ നടത്താൻ സാധിക്കുന്ന രീതിയിൽ സോഫ്റ്റ് വെയർ ക്രമീകരിക്കേണ്ടതിന്റെ ആവശ്യം സർക്കാരിനെ ബോധ്യപ്പെടുത്തി രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

1-28 സാക്ഷരത മിഷൻ തുല്യതാപഠനം-ഫീസ് നൽകൽ- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 70/23 |
| അടങ്കൽ | ₹1,00,000/-(വികസനഫണ്ട്-ജനറൽ) |
| ചെലവ് | ₹ 98,250 |
| ബിൽ നം. | 22112000000005922 തിയതി 19/12/2022 |

സാക്ഷരത മിഷൻ നടപ്പാക്കുന്ന പത്താം തരം തുല്യത, പ്ലസ് 2 തുല്യത കോഴ്സുകളിൽ ചേരുന്ന ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ ഫീസ് ഒടുക്കുന്നതിനായി ₹98,250/- രൂപ പഞ്ചായത്ത് പ്രൊജക്ട് വിഹിതമായി വികസനഫണ്ടിൽ നിന്നും സാക്ഷരത മിഷനിലേക്ക് നൽകിയിട്ടുണ്ട് .പത്താം തരം തുല്യത പഠനത്തിനായി 31 വിദ്യാർത്ഥികളുടെ ഫീസായി 1,750 രൂപ വീതം ആകെ 54,250 രൂപയും പ്ലസ് 2 തുല്യത കോഴ്സുകളിലെ ഫീസായി 20 വിദ്യാർത്ഥികൾക്ക് 2,200 രൂപ വീതം ആകെ 44,000 രൂപയുമാണ് പഞ്ചായത്ത് നൽകിയിട്ടുള്ളത്. തുക മുൻകൂർ നൽകിയെങ്കിലും വിദ്യാർത്ഥികളുടെ പേര് എഴുതിയ ഒരു ലിസ്റ്റല്ലാതെ ഈ കോഴ്സുകളിലെ പഠിതാക്കളുടെ വിശദാംശങ്ങളോ കോഴ്സ് രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങളോ സാക്ഷരത മിഷൻ തുക കൈപ്പറ്റിയതിന്റെ വിവരങ്ങളോ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഈ ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളെല്ലാം കോഴ്സ് രജിസ്ട്രേഷൻ നടത്തിയെന്നത് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകളില്ലാത്ത സാഹചര്യത്തിൽ പ്രൊജക്ട് തുകയുടെ കൃത്യമായ വിനിയോഗം നടന്നോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിശദമായ വിനിയോഗ വിവരങ്ങളുൾപ്പെടെ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-12 തിയതി-15/10/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ടിന്റെ കൃത്യമായ വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ പ്രൊജക്ടിനായി ചെലവഴിച്ച ₹ 98,250/- തടസ്സപ്പെടുത്തുന്നു.

1-29 പ്രൊജക്റ്റുകളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല.

2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെച്ചേർക്കുന്ന പ്രൊജക്റ്റുകൾക്കായി സർക്കാർ അംഗീകൃത അക്രെഡിറ്റഡ് ഏജൻസികൾക്ക് തുക മുൻകൂർ നൽകിയിട്ടുണ്ട്. മുൻകൂർ തുക കൈമാറിയെങ്കിലും ഇത് സ്ഥാപനങ്ങൾ കൈപ്പറ്റിയതിന്റെയോ പ്രൊജക്റ്റ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതിന്റെയോ രേഖകളൊന്നും നിലവിലും ഹാജരാക്കിയിട്ടില്ല.

| പ്രോജക്റ്റ് നം | പ്രൊജക്റ്റിന്റെ പേര് | സ്ഥാപനം | ബിൽ നം (T.R.N) | | ചെലവ് |
|---|---|---|---|---|---|
| 82/23 | ഐ.കെ.എം വിഹിതം | ഐ.കെ.എം | 22112000000003997 Dtd 22/09/22 | | ₹169500 /- |
| 29/23 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | എറണാകുളം കെ.എസ്.ഇ.ബി | ധനകാര്യകമ്മീഷൻ ഗ്രാന്റ് /2022-23/ | | ₹ 144,432 |
| | | | Vr. No. 01/02.06.2022 | 5345/- | |
| | | | Vr. No. 14/27.08.2022 | 4018/- | |
| | | | Vr. No. 37/06.012.2022 | 93173/- | |
| | | | Vr. No. 68/14.03.2023 | 18152/- | |
| | | | Vr. No. 67/14.03.2023 | 11081/- | |
| | | | Vr. No. 69/14.03.2023 | 12663/- | |
| 247/23 | ഇലക്ട്രിക് ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി | 22112000000000797776,77,78,79,80 Dtd 22/03/23 | | ₹496461/- |
| 31/23 | തെരുവുവിളക്കുകൾക്ക് ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി | ധനകാര്യകമ്മീഷൻ ഗ്രാന്റ് /2022-23/ Voucher No.P/38,39, Dtd 06/12/22 P/51,52.53,54 Dtd 10/01/23 P/62,63,64,65 Dtd 22/02/23 | | ₹ 799171 /- |
| 06/23 | പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | ധനകാര്യകമ്മീഷൻ ഗ്രാന്റ് XVFC/2022-23/P/71 & 72 Dtd 15/03/23 | | ₹ 19,70,000/- |
| 241/23 | ഗൊണ്ടുപറമ്പ് മാർക്കറ്റ് പൈപ്പ് കണക്ഷൻ | വാട്ടർ അതോറിറ്റി | 221112000000007843 Dtd-17/03/23 | | ₹ 25,000/- |
| 75/23 | സാമൂഹ്യസുരക്ഷാമിഷൻ വിഹിതം | കേരള സാമൂഹ്യസുരക്ഷാമിഷൻ | 22112000000003998 Dtd 22/09/22 | | ₹1,00,000/ |
| | | ആകെ | | | ₹37,04,564/ |

സർക്കാർ ഉത്തരവ് (കൈ) നം.38/2023/ധന തിയതി 09/03/2023 പ്രകാരം പ്രാദേശിക സർക്കാരുകൾ വിവിധ അക്രെഡിറ്റഡ് ഏജൻസികൾക്ക് നൽകുന്ന തുകകൾ അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കണമെന്നും ചെലവഴിക്കാത്ത തുക സർക്കാർ സഞ്ചിത നിധിയിൽ തിരിച്ചടക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അല്ലാത്ത പക്ഷം ചെലവഴിക്കാത്ത തുക തൊട്ടടുത്ത സാമ്പത്തിക വർഷം സർക്കാർ അനുവദിക്കുന്ന ഫണ്ടിൽ നിന്നും കുറവുവരുത്തുമെന്നും അറിയിച്ചിട്ടുണ്ട്.ഈ സാഹചര്യത്തിലും വലിയ തുകകൾ അക്രെഡിറ്റഡ് ഏജൻസികൾ ചെലവഴിക്കാതെ അവശേഷിക്കുന്നതിനും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നതിന് കരാർ ചമക്കാത്തതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-11 തിയതി-16/10/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ കൃത്യമായ വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവു തുക ₹37,04,564 /-തടസ്സപ്പെടുത്തുന്നു.

1-30 സമഗ്രശിക്ഷ കേരള (എസ്.എസ്.കെ) വിഹിതം നൽകൽ -വിനിയോഗവിവരങ്ങൾ

ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 97/23 |
| അടങ്കൽ | 5,01,180/-(വികസനഫണ്ട്-ജനറൽ) |
| ചെലവ് | 5,01,118/- |
| ബിൽ നം. | 100549929/17.09.22 |

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായി എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ നൽകിയ എസ്റ്റിമേറ്റിലെ തുകയുടെ 40% ഗ്രാമപഞ്ചായത്തു വിഹിതമായ ₹ 5,01,118/- എസ്.എസ്.കെ. ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഗ്രാമപഞ്ചായത്തിലെ സ്കൂളുകളുടെ ഏതെല്ലാം ആവശ്യങ്ങൾക്കായി ഉപയോഗിച്ചത് എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിശദമായ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. സർക്കാർ പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ)നം.84/22/തസ്വഭവ., തീയതി 19.01.2022] പ്രകാരം എസ്.എസ്.കെ.യ്ക്ക് സർക്കാർ നിശ്ചയിച്ച തുക നിർബന്ധമായും വകയിരുത്തണമെങ്കിലും പദ്ധതികളുടെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണപങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ തദ്ദേശസ്ഥാപനത്തിലെ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി രേഖകളൊന്നുമില്ല. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ എസ്.എസ്.കെ. പ്രോജക്ട് ഡയറക്ടർ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന് നൽകേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള പ്രവർത്തനം ഗ്രാമപഞ്ചായത്തിലെ പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ. പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തതിന്റെ രേഖകളൊന്നും തന്നെ ലഭ്യമായിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക എസ്.എസ്.കെ ആവശ്യപ്പെട്ട തുക കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നുള്ള വിവരവും 2022-23 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിശദമായ വിനിയോഗ വിവരങ്ങളും പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-10 Dtd 15/10/23) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയിലെ വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവുതുക ₹5,01,118/-ചെലവ് തടസ്സപ്പെടുത്തുന്നു. വിശദമായ വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-31 സ്ഥിരനിക്ഷേപങ്ങളുടെ കാലാവധി യഥാസമയം പുതുക്കിയില്ല – പലിശ നഷ്ടം

ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ എറണാകുളം ജില്ലാ സഹകരണ ബാങ്കിലുണ്ടായിരുന്ന 3 സ്ഥിരനിക്ഷേപങ്ങളുടെ കാലാവധി 26/02/2023 ൽ അവസാനിച്ചിരുന്നു. ഈ സ്ഥിരനിക്ഷേപങ്ങൾ പുതുക്കി നിക്ഷേപിച്ചിരിക്കുന്നത് 2023 ജൂൺ മാസത്തിൽ മാത്രമാണ്. യഥാസമയം പുതുക്കാത്തത് നിമിത്തം സ്ഥിരനിക്ഷേപങ്ങൾക്ക് ലഭിക്കേണ്ട പലിശ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥിര നിക്ഷേപ നമ്പർ | സ്ഥിര നിക്ഷേപ സംഖ്യ | നിക്ഷേപ കാലാവധി പൂർത്തീകരിച്ച തിയതി | നിക്ഷേപം പുതുക്കിയ തീയതി | നിലവിലുണ്ടായിരുന്ന പലിശ | പുതുക്കിയ പലിശ |
|---|---|---|---|---|---|
| 032850000003 | 11,93,129 | 26/02/23 | 09/06/23 | 6.25% | 7.25% |
| 032850000001 | 11,25,741 | 26/02/23 | 09/06/23 | 6.25% | 7.25% |
| 032850000002 | 40,16,149 | 26/02/23 | 09/06/23 | 6.25% | 7.25% |
| Total`` | 63,35,019 | | | | |

നിക്ഷേപങ്ങൾ യഥാസമയം പുതുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ( നം 25 തിയതി 18/10/23) മറുപടി ലഭ്യമാക്കിയില്ല.പുതുക്കിയ നിരക്കിൽ തന്നെ കാലാവധി പുതുക്കാൻ വൈകിയ കാലയളവിൽ ₹63,35,019 രൂളള 100 ദിവസത്തിലധികമുള്ള പലിശ നഷ്ടമായിട്ടുണ്ട്. പുതിയ നികുതിയേതര വരുമാനസ്രോതസ്സുകൾ കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുന്നതിനൊപ്പം ലഭ്യമായ സ്രോതസ്സിൽ നിന്നുള്ള വരുമാനച്ചോർച്ച തടയുന്നതിനും കൂടി നടപടി സ്വീകരിക്കേണ്ടതാണ്.

1-32 ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം- അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം | 5/23 |
| അടങ്കൽ | 26,00,000/-<br>(വികസനഫണ്ട്(ജനറൽ) – 11,00,000 &തനത്ഫണ്ട് -15,00,000) |
| ചെലവ് | 25,98,842/-(വികസനഫണ്ട്(ജനറൽ)-10,98,842 & തനത്ഫണ്ട് -15,00,000) |
| UTR നം /തീയതി, തുക | 1)221112000000003938 Dtd 17-09-22 655296/-<br>2)221112000000002349 Dtd 18-07-22 443546/- |
| ചെക്ക് നം./തീയതി,തുക | 1)LGTSB ചെക്ക് നം. 5936465, തീ. 30.04.2022, തുക – 894387/-<br>2)LGTSB ചെക്ക് നം. 5936480, തീ. 17.06.2022, തുക – 605613/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ ജനങ്ങൾക്ക് ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം നടത്തുന്നതാണ് പദ്ധതി. വികസനഫണ്ട് ജനറൽ, തനത് ഫണ്ട് എന്നിവ വകയിരുത്തിയ പദ്ധതിയിൽ നിന്നും 25,98,842 രൂപ 2022-23 വർഷം ചെലവഴിച്ചിട്ടുണ്ട്.മെ.അരീക്കൽ ട്രാൻസ്പോർട്ട്സ് എന്ന സ്ഥാപനത്തിനാണ് പദ്ധതിപ്പണം നൽകിയിട്ടുള്ളത്.

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)ചെല്ലാനം ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി 2022-23 സാമ്പത്തിക വർഷം 25,98,842 രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. 5 ലക്ഷം രൂപക്ക് മുകളിലുള്ള പ്രവർത്തികൾ ഇ-ടെണ്ടർ മുഖേനെയാണ് നടപ്പാക്കേണ്ടത്. എന്നാൽ ഇതിന്റെ അഞ്ചിരിട്ടിയിലധികം ചെലവഴിച്ച പദ്ധതിക്കായി സാധാരണ ടെണ്ടർ നടപടി സ്വീകരിച്ചതിന്റെ വിവരങ്ങൾ പോലും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങളോ പദ്ധതിയുടെ നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുള്ള ടെണ്ടർ നോട്ടീസോ ഫയലിലില്ല. ഇതിനാൽ തന്നെ പദ്ധതിക്കായി കരാറുകാരനെ തിരഞ്ഞെടുക്കുകയും പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം നൽകുകയും ചെയ്തത് എപ്രകാരമാണ് എന്ന കാര്യം വ്യക്തമല്ല. ഇത്രയും വലിയ തുക ചെലവഴിച്ചിട്ടുള്ള പദ്ധതി നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കാതെയും, സാധുവായ കരാറിൽ ഏർപ്പെടാതെയും കരാർ തുക നൽകുന്നത് സംബന്ധിച്ച കൃത്യമായ വ്യവസ്ഥകളില്ലാതെയുമാണ് നടപ്പിലാക്കിയിരിക്കുന്നത്.

2) ജി.ഒ (പി) നം.3/2013/spd Dtd 21/06/2013 പ്രകാരമുള്ള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8.2 പ്രകാരം കരാർ തുകയുടെ 1% ഇ.എം.ഡി ഖണ്ഡിക 8.19 പ്രകാരം കരാർ തുകയുടെ 5 % പെർഫോമൻസ് ഗ്യാരണ്ടിയായും തിരഞ്ഞെടുത്ത കരാറുകാരനിൽ നിന്നും ഈടാക്കണം.എന്നാൽ ഇവ ഈടാക്കിയിരുന്നോ എന്നത് സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

3)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.03.2019 ലെ 500/2019 നമ്പർ ഉത്തരവ്, സംസ്ഥാന ദുരന്തനിവാരണ വകുപ്പിന്റെ സർക്കാർ ഉത്തരവ്(സാധാ)നമ്പർ787/2017/DMD 23/02/2017 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരമാണ് കുടിവെള്ളവിതരണം നടത്തേണ്ടതെന്നും എല്ലാ തദ്ദേശസ്ഥാപനമേധാവികളും ഈ നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 4(g) പ്രകാരം കിലോമീറ്റർ അടിസ്ഥാനത്തിൽ, ജില്ലാതലത്തിൽ നിർണ്ണയിക്കുന്ന നിരക്ക് പ്രകാരമാണ് ജലവിതരണം

നടത്തേണ്ടത്. ജില്ലാതല നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം സാധിക്കുന്ന സാഹചര്യത്തിൽ മാത്രം പഞ്ചായത്തുകൾക്ക് ടാങ്കറുകളിൽ ജലവിതരണം നടത്താവുന്നതാണ്. ചെല്ലാനം ഗ്രാമപഞ്ചായത്തിൽ കിലോമീറ്റർ അടിസ്ഥാനത്തിലല്ലാതെ കുടിവെള്ളത്തിന്റെ അളവ് പ്രകാരമാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

4) സംസ്ഥാന ദുരന്തനിവാരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 787/2017/DMD 23/02/2017പ്രകാരമുള്ള മാർഗ്ഗനിർദ്ദേശം ഖണ്ഡിക 4(g) പ്രകാരം ജി.പി.എസ് ഘടിപ്പിച്ച കുടിവെള്ള ടാങ്കറിൽ മാത്രമാണ് ജലവിതരണം നടത്തേണ്ടത്. ഖണ്ഡിക 4(i) പ്രകാരം ജി.പി.എസ് ലോഗും കരാറുകാരൻ ഹാജരാക്കുന്ന ട്രിപ്പ് ഷീറ്റും ഒത്തുനോക്കിയാണ് കരാറുകാരന് തുക അനുവദിക്കേണ്ടത്. എന്നാൽ ആയതിന്റെ രേഖകളൊന്നും തന്നെ ഇല്ലാതെ എന്തടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്ന് വ്യക്തതയില്ല. പദ്ധതി കാലയളവിലെ ഒരു ദിവസത്തെ പോലും ജി.പി.എസ് ലോഗ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

5)പദ്ധതിയുമായി ബന്ധപ്പെട്ട വർക്ക് ഓർഡർ, പഞ്ചായത്തുമായുള്ള കരാർ, കരാറുകാരന്റെ വിവരങ്ങൾ, വാഹനത്തിന്റെ വിശദാംശങ്ങൾ, വെള്ളം എടുക്കുന്ന സ്ഥലത്തിന്റെ വിവരങ്ങൾ, ഗുണമേന്മ സർട്ടിഫിക്കറ്റ് എന്നിവയൊന്നും ഇല്ലാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. സ.ഉ.(സാ.ധാ) നം. 446/2021/ത.സ്വ.ഭ.വ. /15.2.21 പ്രകാരം ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗും, കരാറുകാരൻ ലഭ്യമാക്കിയ വിവരങ്ങളും ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ സെക്രട്ടറിമാർ ചെലവ് തുക അനുവദിക്കാവൂ. രേഖകൾ ഒന്നും തന്നെ സമർപ്പിക്കാതെ പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ അറിവോ മോണിറ്ററിംഗോ ഇല്ലാതെയും ഗ്രാമപഞ്ചായത്തിൽ എവിടെയെല്ലാം, ഏതെല്ലാം സമയങ്ങളിൽ, എത്ര തവണ വീതം, ഏത് വാഹനത്തിലാണ് വെള്ളം വിതരണം ചെയ്തതെന്നും, വാഹനത്തിന് ജിപിഎസ് ഘടിപ്പിച്ചിട്ടുണ്ടോയെന്ന പോലും പരിശോധിക്കാതെ കരാറുകാരൻ നൽകിയ ബില്ലിൽ പ്രതിമാസം 46 ട്രിപ്പ് വരെ ഓടിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ട്രിപ്പിന് 4,199 രൂപ നിരക്കിൽ കരാറുകാരൻ കൈപ്പറ്റിയിട്ടുള്ള സാഹചര്യത്തിലും വെള്ളം വിതരണം നടത്തിയതിന് ആധികാരികമായ തെളിവായ ജി.പി.എസ് ലോഗ് റിപ്പോർട്ട് പരിശോധിക്കാതെ, കരാറുകാരൻ ബില്ല് പ്രകാരം ആവശ്യപ്പെട്ട മുഴുവൻ തുകയും അതേപടി അനുവദിച്ചിട്ടുള്ളതായാണ് വ്യക്തമാകുന്നത്.

6) ചെല്ലാനം ഗ്രാമപഞ്ചായത്തിലെ പല പ്രദേശങ്ങളും തുടർച്ചയായി കുടിവെള്ള ക്ഷാമം നേരിടുന്ന സാഹചര്യം വർഷങ്ങളായി റിപ്പോർട്ട് ചെയ്തു വരുന്ന സാഹചര്യത്തിൽ ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താതിരുന്നത് എന്തുകൊണ്ടാണ് എന്ന വിവരം വ്യക്തമല്ല. കുടിവെള്ള വിതരണം സംബന്ധിച്ച സർക്കാർ മാനദണ്ഡങ്ങൾ വർഷങ്ങളായി നിലവിലുള്ളപ്പോഴും ഇവയൊന്നും പാലിക്കാതെ ചെലവ് നടത്തിയതിനും വിശദീകരണം നൽകിയിട്ടില്ല.

ഇക്കാര്യങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-18 തിയതി-17/10/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്റ്റിന്റെ കൃത്യമായ വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവു തുക ₹25,98,842 തടസ്സപ്പെടുത്തുന്നു.

1-33 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ -തെരുവ് വിളക്കുകളുടെ ഇനം, എണ്ണം എന്നിവ സംബന്ധിച്ച് കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല.

ചെല്ലാനം ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ രണ്ട് പ്രോജക്ടുകൾ വഴിയാണ് നടത്തിയിട്ടുള്ളത്. തെരുവ് വിളക്ക് എ.എം.സി. നൽകൽ (പ്രോജക്റ്റ് നം. 30/23) & അനുബന്ധ ഉപകരണങ്ങൾ വാങ്ങി പരിപാലിക്കൽ (പ്രോജക്റ്റ് നം.04/23). ഈ വർഷം നടപ്പിലാക്കിയ പുതിയ പദ്ധതിക്കായി (പ്രോജക്റ്റ് നം 04/23) ടെണ്ടർ ക്ഷണിക്കാതെ മുൻ കരാറുകാരന് തന്നെ കാലാവധി നീട്ടി നൽകുകയാണ് ചെയ്തിട്ടുള്ളത്. (ഭരണസമിതി തീരുമാനം നം-5/2 തീയതി- 25/11/2022). നിലവിലെ കരാർ കാലാവധി അവസാനിച്ചതിനാൽ പുതിയ പദ്ധതി ടെണ്ടർ ക്ഷണിച്ച് നടപ്പിലാക്കുന്നത് കാലതാമസം നേരിടുമെന്നും ഇത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നും പരിഗണിച്ചാണ് കാലാവധി നീട്ടി നൽകുന്നതെന്നാണ് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നിലവിലെ കരാർ കാലാവധി അവസാനിക്കുന്നതിന് മുമ്പേ ടെണ്ടർ നടപടികൾ എന്തുകൊണ്ട് ആരംഭിച്ചില്ല എന്ന കാര്യം വ്യക്തമാക്കിയിട്ടില്ല. 01/09/2021 ലെ റീ-ടെണ്ടർ നോട്ടീസ് A1-2128/21 പ്രകാരം മിനിമാസ്റ്റ്, ഹൈമാസ്റ്റ്, സിംഗിൾ ട്യൂബ്, ഡബിൾട്യൂബ്, സി.എഫ്.എൽ, എൽ.ഇ.ഡി (36 W & 50 W) സോഡിയം വേപ്പർ ലാമ്പ് എന്നിവയുടെ മാത്രം മെയിന്റനൻസിനാണ് ടെണ്ടർ ക്ഷണിച്ചത്. എന്നാൽ ഇതിന് മുമ്പായി ഗ്രാമപഞ്ചായത്തിലെ ആകെ തെരുവുവിളക്കുകളുടെ എണ്ണം

തിട്ടപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി.യുമായി ചേർന്ന് നടത്തേണ്ടിയിരുന്ന സംയുക്ത പരിശോധന ഗ്രാമപഞ്ചായത്ത് നടത്തിയിട്ടില്ല. ഓരോ വാർഡിലെയും തെരുവ് വിളക്കുകളുടെ ഇനം, എണ്ണം എന്നിവ പോസ്റ്റ് നമ്പർ സഹിതം രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുമില്ല. ഗ്രാമപഞ്ചായത്ത് വിവിധ പദ്ധതികൾ വഴി നേരിട്ട് വാങ്ങി നൽകിയതും സ്ഥാപനങ്ങൾ വഴി സ്ഥാപിച്ചതുമായ തെരുവുവിളക്കുകൾ സംബന്ധിച്ച രജിസ്റ്ററോ കണക്കുകളോ ലഭ്യമായിട്ടില്ല. തെരുവുവിളക്കുകളുടെ ഇനം,എണ്ണം എന്നിവ സംബന്ധിച്ച ആധികാരിക വിവരങ്ങൾ ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്കുള്ള അടങ്കൽ തുക നിശ്ചയിച്ചതും ടെണ്ടർ നോട്ടീസ് തയ്യാറാക്കി കരാറുകാരനെ നിശ്ചയിച്ചതും എങ്ങനെയെന്ന് വിശദമാക്കിയിട്ടില്ല. പ്രൊജക്ടുകൾ പ്രകാരം അറ്റകുറ്റപ്പണിക്കുള്ള കരാർ നൽകിയ മെ.എം.എ ഇലക്ട്രിക്കൽസ്,തൈക്കാട്ടുകര, ആലുവ എന്ന സ്ഥാപനത്തിന് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ഈ പദ്ധതികൾക്ക് യഥാക്രമം ₹3,00,252/-, ₹14,04,413/- എന്നിങ്ങനെ ഒരു വർഷത്തെ മെയിന്റനൻസ് കരാർ തുക നൽകിയിട്ടുണ്ട്. കരാറുകാരൻ ഹാജരാക്കിയ തെരുവ് വിളക്ക് മെയിന്റനൻസിന്റെ വിവിധ ഇൻവോയ്സുകൾ പ്രകാരമുള്ള ആകെ തുകയാണിത്. ഓരോ വാർഡിലേയും മെമ്പർമാർ നൽകിയ തെരുവ് വിളക്കുകൾ നന്നാക്കിയിട്ടുണ്ടെന്ന സാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓരോ വാർഡിലുമുള്ളത് ഏതിനങ്ങളിലുള്ള തെരുവ് വിളക്കുകളാണെന്നോ അവയിൽ എത്ര എണ്ണം വീതമാണ് കരാർപ്രകാരം നന്നാക്കിയതെന്നോ ഉള്ള കൃത്യമായ കണക്കുകൾ ലഭ്യമായിട്ടില്ല. സിംഗിൾ ട്യൂബ്, ഡബിൾട്യൂബ്, സി.എഫ്.എൽ, എൽ.ഇ.ഡി, മിനി മാസ്റ്റ് ലൈറ്റ് എന്നിവയുടെ മെയിന്റനൻസിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. സിംഗിൾ ട്യൂബ് -₹499, ഡബിൾട്യൂബ്- ₹ 580/- സി.എഫ്.എൽ -₹580, എൽ.ഇ.ഡി. 36 W-₹ 760/- മിനി മാസ്റ്റ് ലൈറ്റ് -₹ 1300/- , ഹൈ മാസ്റ്റ് ലൈറ്റ് -₹ 1500 എന്നിങ്ങനയാണ് മെയിന്റനൻസ് തുക നൽകിയിട്ടുള്ളത്. സി.എഫ്.എൽ ലാമ്പുകൾ, സോഡിയം വേപ്പർ ലാമ്പുകൾ എന്നിവ പൊതുവേ ഇപ്പോൾ തെരുവ് വിളക്കുകളായി ഉപയോഗിക്കുന്നില്ലാത്ത സാഹചര്യത്തിലും ഇവയുടെ റിപ്പയറിനും തുക നൽകിയിട്ടുണ്ട്. 36 വാട്ട്,50 വാട്ട് എൽ.ഇ.ഡി ലാമ്പുകളുടെ മാത്രം റിപ്പയറിനാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് വാങ്ങി ലൈനിൽ സ്ഥാപിച്ചിട്ടുള്ളത് 12w, 18w, 20w, 30w, 40w എൽ.ഇ.ഡി ബൾബുകളാണ് എന്നാണ് കെ.എസ്.ഇ.ബി. നൽകിയ താരിഫ് റിപ്പോർട്ടിലുള്ളത്. 36 വാട്ട് , 50 വാട്ട് എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിച്ചിട്ടുള്ളതായി കെ.എസ്.ഇ.ബി.യും റിപ്പോർട്ട് ചെയ്തിട്ടില്ല. ഉയർന്ന നിരക്ക് നൽകേണ്ട 36 വാട്ട് , 50 വാട്ട് എൽ.ഇ.ഡി ലാമ്പുകൾ മാത്രമായി ടെണ്ടറിൽ ഉൾപ്പെടുത്തിയതും 36 വാട്ട് , 50 വാട്ട് എൽ.ഇ.ഡി ലാമ്പുകൾ മാത്രം നന്നാക്കിയതായി കരാറുകാരൻ ബില്ല് നൽകിയതും ഇത് പ്രകാരം തുക അനുവദിച്ചതും വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിലല്ല. സ്ഥാപിച്ചിട്ടുള്ളത് നിലവിലുള്ള 12w, 18w, 20w, 30w, 40w എൽ.ഇ.ഡി ബൾബുകളുടെ അറ്റകുറ്റപ്പണികൾക്കും 36 വാട്ട് , 50 വാട്ട് എൽ.ഇ.ഡി. ലാമ്പുകൾക്കുള്ള ഉയർന്ന തുക അനുവദിക്കാനുള്ള സാഹചര്യവുമുണ്ട്. ഇക്കാര്യം പരിശോധിക്കാനാവശ്യമായ രേഖകളൊന്നും ലഭ്യമായിട്ടില്ല. അറ്റകുറ്റപ്പണികളുടെ ഭാഗമായി ഉപകരണങ്ങൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടോയെന്നും മാറി സ്ഥാപിച്ചിട്ടുള്ളത് നിലവിലുണ്ടായിരുന്ന ഇനം തന്നെയോണോ എന്നും പരിശോധിക്കാൻ വാങ്ങിയ ഉപകരണങ്ങളുടെ ബിൽ പോലുള്ള രേഖകളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. നിലവിലുള്ള തെരുവുവിളക്കുകളുടെ ഇനമോ എണ്ണമോ കണക്കാക്കാതെയും ഇവ ഉൾപ്പെടുത്താതെയും ടെണ്ടർ ക്ഷണിച്ച് കരാർ നൽകിയതാണ് പ്രോജക്ട് നടപ്പാക്കിയതിലെ ഏറ്റവും പ്രധാനപ്പെട്ട അപാകത. ഇക്കാര്യങ്ങളിലെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-18 തീയതി-17/10/2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) ഗ്രാമപഞ്ചായത്ത് വിവിധ പദ്ധതികൾ വഴി നേരിട്ട് വാങ്ങി നൽകിയതും സ്ഥാപനങ്ങൾ വഴി സ്ഥാപിച്ചതുമായ തെരുവുവിളക്കുകൾ സംബന്ധിച്ച കണക്കുകളും രജിസ്റ്ററും തയ്യാറാക്കുക. ഗ്രാമപഞ്ചായത്തിലെ ആകെ തെരുവുവിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവരങ്ങളുടെ കൃത്യത ഉറപ്പാക്കുക.

2) നിലവിലില്ലാത്തതും എന്നാൽ കെ.എസ്.ഇ.ബി.യുടെ താരിഫ് കാർഡിലുള്ളതുമായ സി.എഫ്.എൽ ലാമ്പുകൾ, സോഡിയം വേപ്പർ ലാമ്പുകൾ എന്നിവ താരിഫിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുക.

3) നിലവിലുള്ള മെയിന്റനൻസ് കരാർ കാലാവധി അവസാനിക്കുന്നതിന് മുമ്പ് പുതുക്കിയ ടെണ്ടർ നടപടികളെല്ലാം പൂർത്തീകരിക്കും വിധം പദ്ധതി കലണ്ടർ തയ്യാറാക്കുക.

4) അറ്റകുറ്റപ്പണികളുടെ ഭാഗമായി ഉപകരണങ്ങൾ മാറ്റി സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങളുടെ ഇനം, എണ്ണം,

ഗുണമേന്മ എന്നിവ ഉറപ്പുവരുത്തുന്നതിനായി വാങ്ങിയ ഉപകരണങ്ങളുടെ ബിൽ നിർബന്ധമാക്കുക.

5) ഓരോ വാർഡിലേയും റിപ്പയർ വിവരങ്ങൾ റിപ്പയർ നടക്കുന്ന സമയം തന്നെ ലഭ്യമാകുന്ന വിധം വാർഡ് തലത്തിൽ മോണിറ്ററിംഗ് ശക്തമാക്കുക.

6) എല്ലാ തെരുവുവിളക്കുകളും മീറ്ററിംഗ് സമ്പ്രദായത്തിന് കീഴിലാക്കി കൃത്യമായ താരിഫും ഇനവിവരവും പോസ്റ്റ് നമ്പരുൾപ്പടെയുള്ള വിവരങ്ങളും ഉറപ്പാക്കുക. അറ്റകുറ്റപ്പണികൾ നടത്തുന്ന തെരുവുവിളക്കുകളുടെ തിയതി, എണ്ണം എന്നിവ ഉറപ്പാക്കാൻ ബന്ധപ്പെട്ട കെ.എസ്.ഇ.ബി യിൽ നിന്നുള്ള റിപ്പോർട്ട് കൂടി ആധാരമാക്കുക.

1-34 ആയുർവേദ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആയുർവേദ മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ആയുർവേദം |
| പ്രോജക്ടിന്റെ നം/ വർഷം | 183/23 |
| അടങ്കൽ തുക / ഫണ്ട് | ₹11,00,000/- , മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ ബിൽ നം./ തീയതി | ₹1,10,000/- 01/2023,തീയതി.12/01/2023 |

2022-23 വർഷം ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്ടിനായി ആകെ 11,00,000/- രൂപ മെഡിക്കൽ ഓഫീസർ ആയുർവേദം ചെലവഴിച്ചെങ്കിലും 6,98,122/-രൂപയുടെ മരുന്നുകൾ മാത്രമാണ് ഔഷധി ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി 4,01,878/- രൂപയ്ക്കുള്ള മരുന്നുകൾ ഔഷധിയിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 4/15.10.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 4,01,878/- രൂപയ്ക്കുള്ള മരുന്നുകൾ ഔഷധിയിൽ നിന്നും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതുവരെ 4,01,878/- രൂപ തടസ്സപ്പെടുത്തുന്നു.

1-35 ദുരന്ത നിവാരണ കമ്മിറ്റി

കേരള സർക്കാരിന്റെ 20.2.2018ലെ ഉത്തരവ് നം.ഡി.എ.1/523/2017 ത.സ്വ.ഭ.വ.(ഡി.എ) വകുപ്പ്, തിരുവനന്തപുരം നിർദ്ദേശാനുസരണം ചെല്ലാനം ഗ്രാമപഞ്ചായത്തിൽ ദുരന്ത നിവാരണ കമ്മിറ്റി (Disaster Management Committee) രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തുമായി ബന്ധപ്പെട്ട് സമഗ്ര വിവരങ്ങളടങ്ങുന്ന ദുരന്തനിവാരണ പദ്ധതി ആസൂത്രണരേഖ എന്ന പേരിൽ ഒരു ബുക്ക് ലെറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന വിവരങ്ങൾ ചേർത്തിട്ടുണ്ട്.

1) പൊതു വിവരങ്ങൾ
2) കാലാവസ്ഥ വ്യതിയാനം – ദുരന്ത സാധ്യത വിശകലനം
3) ദുരന്ത പ്രതികരണ ആസൂത്രണ രേഖ
4) മുന്നൊരുക്കം, പ്രതികരണം, സാമൂഹ്യ ശാക്തീകരണം
5) ശേഷികളും വിഭവങ്ങളും
6) ദുരന്ത ലഘൂകരണ പദ്ധതിയിലേക്കുള്ള പ്രോജക്റ്റ് നിർദ്ദേശങ്ങൾ
7) പ്രധാന ഫോൺ നമ്പരുകൾ

കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് സജീവമായ വിലയിരുത്തലുകളും, ഇടപെടലുകളും നടത്തുന്നത് അഭികാമ്യമാണ്.

1-36 റോഡ് ആസ്തി മാപ്പിംഗ് - പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S0042/23 |
| പ്രൊജക്ടിന്റെ പേര് | റോഡ് ആസ്തി മാപ്പിംഗ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എൻജിനീയർ |
| അടങ്കൽ | ₹63,000/-(മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) |
| ചെലവ് | ₹25,160/- |

| | |
|---|---|
| ബിൽ നം&തീയതി | BRN-22111252011800565466 /22-9-22 |

പഞ്ചായത്ത് പരിധിയിലെ റോഡുകൾ ,ഡ്രെയിനേജുകൾ,കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനായി വിഭാവനം ചെയ്തതാണ് മേൽ പ്രൊജക്ട്. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് ₹3000 ഒരു വാർഡിൽ പരമാവധി ചെലവാക്കാവുന്നതാണ്. ഇപ്രകാരം മൊബൈൽ ആപ്പ് വഴി മുഴുവൻ വാർഡുകളിലെയും ആസ്തികൾ ട്രാക്ക് ചെയ്തോയെന്ന വിവരം അറിയിക്കേണ്ടതാണെന്നും ശേഖരിച്ച ഡാറ്റ വാലിഡേറ്റ് ചെയ്ത് ഡിജിറ്റലൈസ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 19/17.10.23ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. മറുപടിയിൽആദ്യ ഘട്ടം ടി പ്രവർത്തികൾ ചെയ്യുന്നതിനായി ശ്രീ. സാം ആന്റണി, ആന്റണി ജോസഫ് എന്നീ രണ്ടു വ്യക്തികളെ തെരഞ്ഞെടുത്തിരുന്നെന്നും രണ്ടു വ്യക്തികളും ചേർന്ന് വിവര ശേഖരണം നടത്തുകയും മേൽ ബിൽ പ്രകാരം അവർക്ക് 25160/- രൂപ നല്കുകയും ചെയ്തിട്ടുണ്ട് എന്നും എന്നാൽ പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല എന്നും ബാക്കി പ്രവർത്തനങ്ങൾ ചെയ്യാനുണ്ടെന്നും അറിയിച്ചു. പ്രവൃത്തി പൂർത്തീകരിച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

### 1-37 എം.സി.എഫ് -പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | S0013/23 |
| പ്രോജക്ടിന്റെ പേര് | എം.സി.എഫ് നിർമ്മാണം |
| അടങ്കൽ | ₹6,02,000(വികസന ഫണ്ട്) |
| ചെലവ് | ₹5,71,481/-, 96/2-8-23<br>₹30,519/-, 118/21-8-23 |
| കരാറുകാരൻ | ലോറൻസ് ബാബു |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എൻജിനീയർ |

ടി പ്രോജക്ട് പ്രകാരം എം.സി.എഫ്. നിർമ്മാണം നടത്തുന്നതിനായി വികസന ഫണ്ടിൽ നിന്നും മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. നിലവിൽ എം.സി.എഫ്. നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നുള്ളതിന്റെ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.32/18-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. വാക്കാലുള്ള മറുപടിയിൽ എം.സി.എഫ്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി ഇലക്ട്രിക്കൽ വർക്കുകൾ, ചുറ്റുമതിൽ നിർമ്മാണം ഇവ ചെയ്യാനുണ്ടെന്നും അറിയിച്ചു. ഈ പ്രവൃത്തികൾ ചെയ്ത് ഉടനെ പ്രവർത്തനം ആരംഭിക്കുന്നതാണെന്നും അറിയിച്ചു. എം.സി.എഫ്. പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-38 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നു.

ഗ്രാമ പഞ്ചായത്തിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ ഇടപാടുകളില്ലാതെ നിഷ്ക്രിയമായി തുടരുന്നതായി കണ്ടെത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള -UBI-345302010019413 – അക്കൗണ്ടിൽ 10/2023 ൽ 1,13,163/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക പഞ്ചായത്തിന്റെ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. 03/01/2023 വരെയുള്ള നീക്കിയിരുപ്പിൽ നിന്നും മിനിമം ബാലൻസ് 1,000/- രൂപ കുറച്ചുള്ള തുക തനത്ഫണ്ടിലേക്ക് മാറ്റുന്നതിന് കമ്മിറ്റി തീരുമാനം ആവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ 03/02/2023 ൽ 1/AE/LSGD/CGP/22-23 നമ്പർ കത്ത് നല്കിയെങ്കിലും നാളിതുവരെ കമ്മിറ്റി തീരുമാനം നൽകുകയോ തുക തനത് ഫണ്ടിലേക്ക് മാറ്റുകയോ ചെയ്തിട്ടില്ല. അതേ പോലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായി നൽകിയ മുൻകൂർ തുകകളും മുഴുവൻ ചെലവഴിക്കപ്പെടാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിച്ചുവരുന്നുണ്ട്. മെഡിക്കൽ ഓഫീസർ , പി.എച്ച്.സി., കൃഷി ഭവൻ പോലുള്ള സ്ഥാപനങ്ങളിൽ ഇപ്രകാരം തുക അവശേഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിലെ തുക പിൻവലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ട്രഷറി അക്കൗണ്ടുകളിൽ നിഷ്ക്രിയമായി സൂക്ഷിക്കുന്നത് പരിശോധിക്കപ്പെടുന്നില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 29 തീയതി 18/10/23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇടപാടുകളില്ലാതെ നിഷ്ക്രിയമായി തുടരുന്നതും ചെലവഴിക്കപ്പെടാതെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക്

അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ളതുമായ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ തിരികെ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 400000 | അനുപൂരക പോഷകാഹാരം | 400000 | 0 |
| | 30000 | ക്ഷീര സബ്സിഡി | 30000 | 0 |
| | 555000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 555000 | 0 |
| | 1352395 | ലൈഫ് (ഫിഷറീസ്) | 1352395 | 0 |
| | 160000 | ലൈഫ് (എസ്.സി.പി) | 160000 | 0 |
| ആകെ | 2497395 | | 2497395 | |
| ജില്ലാ പഞ്ചായത്ത് | 240000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 240000 | 0 |
| | 5000000 | ലൈഫ് (ഫിഷറീസ്) | 5000000 | 0 |
| | 1219761 | റോഡ് കൺസ്ട്രക്ഷൻ | 1219761 | |
| | 694707 | റോഡ് സൈഡ് വാൾ | 694707 | |
| | 1195708 | റോഡ് കോൺക്രീറ്റിംഗ് | 1195708 | |
| | 180000 | ലൈഫ് (ഇ പി ഐ പി) | 180000 | |
| ആകെ | 8530176 | | 8530176 | |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-6/23 | 42100179 31.3.2023 | 1970000 | 0 | 1970000 |
| കേരള വാട്ടർ അതോറിറ്റി | ഗൊണ്ടുപറമ്പ് മാർക്കറ്റ് പൈപ്പ് കണക്ഷൻ-241/23 | 7843, 17.3.2023 | 25000 | 0 | 25000 |
| കെ.എസ്.ഇ.ബി | | P38/06.12.2022 | 82597 | 0 | 82597 |

| | | | | | |
|---|---|---|---|---|---|
| ഇലക്ട്രിക്ക് ലൈൻ വലിക്കൽ 31/23 | | P39/06.12.2022 | 28966 | 0 | 28966 |
| | | P51/10.01.2023 | 41293 | 0 | 41293 |
| | | P52/10.01.2023 | 84789 | 0 | 84789 |
| | | P53/10.01.2023 | 71904 | 0 | 71904 |
| | | P54/10.01.2023 | 110978 | 0 | 110978 |
| | | P62/22.02.2023 | 39028 | 0 | 39028 |
| | | P63/22.02.2023 | 220560 | 0 | 220560 |
| | | P64/22.02.2023 | 104556 | 0 | 104556 |
| | | P65/22.02.2023 | 14500 | 0 | 14500 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് ലൈൻ വലിക്കൽ 247/23 | 42201370 31.3.2023 | 496461 | 0 | 496461 |
| കെ.എസ്.ഇ.ബി ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ 29/23 | | 01/02.06.2022 | 5345/- | 0 | 144432/- |
| | | 14/27.08.2022 | 4018/- | | |
| | | 37/06.012.2022 | 93173/- | | |
| | | 68/14.03.2023 | 18152/- | | |
| | | 67/14.03.2023 | 11081/- | | |
| | | 69/14.03.2023 | 12663/- | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | ഈ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവനനിർമ്മാണം | - | 16400000 | 3381600 | 6806551 | | 12975049 |

കഴിഞ്ഞ വർഷത്തെ വായ്പ തിരിച്ചടവിൽ വന്ന വ്യത്യാസം (1,05,600)ജേർണൽ എൻട്രി വഴി 105600/- തിരുത്തിയതിനാൽ ഓപ്പണിംഗ് ബാലൻസിൽ വ്യത്യാസം വന്നിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 76,99,899 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 6,78,303 |
| ആകെ | 83,78,202 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1,30,314 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 82,47,888 |

രസീത് നം (FD) തീയതി

1)3017/26.02.2023

2)3018/26.02.2023

3)328500000003/03.03.2023

4)328500000002/03.03.2023

5)3285000001/03.03.2023

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 10 | 2003-04 | 3.7.11.2 | സഹകരണസംഘം സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആക്കിയത് സംബന്ധിച്ച് | നടപ്പിലാക്കിയ പദ്ധതി പൂർത്തീകരിച്ചതിനാൽ പരാമർശം ഒഴിവാക്കി കിട്ടുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| 2001-02 | 5 | 2003-04 | 3.7.11.1 | കമ്പ്യൂട്ടർ സെന്റർ നിർമ്മാണം | റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കി വരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 92229679 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79094763 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 98,77,091 |

### ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 253730/- | ഡോ.സാംസൺ.എസ്<br>മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-20 | 983689/- | ഡോ.രമ്യ. ജി. കൃഷ്ണൻ<br>മെഡിക്കൽ ഓഫീസർ ,എഫ് എച്ച് സി ചെല്ലാനം |
| 1-21 | 453020/- | ഡോ.ഷൈന.എസ്.<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കണ്ടക്കടവ് |
| 1-26 | 8,82,000/- | ശ്രീമതി ഗായത്രി എം. എൻ., കൃഷി ഓഫീസർ |
| 1-28 | ₹98,250/- | ശ്രീ.ആനന്ദൻ ടി വി, സെക്രട്ടറി |
| 1-29 | 169500/- | ശ്രീമതി. സീജ ജോസഫ്, സെക്രട്ടറി |
| | 4018/- | |
| | 100000/- | |
| | 5345/- | ശ്രീമതി. ജയശ്രീ നായ്ക്ക്, സെക്രട്ടറി |
| | 93173/- | ശ്രീ. ആനന്ദൻ ടി. വി, സെക്രട്ടറി |
| | 18152/- | |

| | | |
|---|---|---|
| | 11081/- | |
| | 12663/- | |
| | 496461/- | |
| | 799171/- | |
| | 1970000/- | |
| | 25000/- | |
| 1-30 | ₹5,01,118/- | ശ്രീമതി.സീജ ജോസഫ്, സെക്രട്ടറി |
| 1-32 | 655296/- | ശ്രീമതി.സീജ ജോസഫ്, സെക്രട്ടറി |
| | 443546/- | |
| | 894387/- | ശ്രീമതി. ജയശ്രീ നായ്ക്ക്, സെക്രട്ടറി |
| | 605613/- | |
| 1-34 | 4,01,878/- | ഡോ.മഞ്ജു.വി,മെഡിക്കൽ ഓഫീസർ ,ആയുർവേദം |
| ആകെ | ₹ 98,77,091/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| ഇല്ല | - | - | - |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ഡോ.മഞ്ജു.വി<br>മെഡിക്കൽ ഓഫീസർ<br>ആയുർവേദം | മെഡിക്കൽ ഓഫീസർ<br>ആയുർവേദം, ചെല്ലാനം | ശാന്തി റസിഡൻസ്<br>ആലപ്പാട്ട് ക്രോസ് റോഡ്<br>രവിപുരം |
| 2 | ഡോ.സാംസൺ.എസ്<br>മെഡിക്കൽ ഓഫീസർ<br>ഹോമിയോ | മെഡിക്കൽ ഓഫീസർ<br>ഹോമിയോ,ചെല്ലാനം | വല്ലൂർകുഴി<br>വീട്.എസ്.എൻറോഡ്.<br>നിയർ സെന്റ് ജൂലിയൻ സ്കൂൾ<br>പെരുമ്പടപ്പ്.പി.ഒ,പള്ളുരുത്തി |
| 3 | ഡോ.രമ്യ.ജി.കൃഷ്ണൻ<br>മെഡിക്കൽ ഓഫീസർ<br>എഫ് എച്ച് സി ചെല്ലാനം | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി, ചെല്ലാനം | ക്ലാസിക്ക് വില്ലാസ്<br>കുന്നംപുറം<br>തൃക്കാക്കര |
| 4 | ഡോ.ഷൈന.എസ്.<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി കണ്ടക്കടവ് | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി കണ്ടക്കടവ് | 1/1906<br>തെരുവുരത്ത്<br>കുന്നുപുറം.പി.ഒ<br>ഫോർട്ടുകൊച്ചി |
| 5. | ശ്രീമതി ഗായത്രി എം. എൻ. | കൃഷി ഓഫീസർ | പുന്നക്കൽ വീട്<br>ബിന്നിറോഡ്<br>പള്ളുരുത്തി,കൊച്ചി |
| 6. | ശ്രീ.ആനന്ദൻ ടി വി,സെക്രട്ടറി | സെക്രട്ടറി | ശ്രീവിനായകം<br>പനങ്ങാട് പി ഒ<br>എറണാകുളം |
| 7. | ശ്രീമതി.സീജ ജോസഫ്, സെക്രട്ടറി | സെക്രട്ടറി | പുന്നക്കൽ വീട്<br>ബിന്നി റോഡ്<br>പള്ളുരുത്തി |
| 8 | ശ്രീമതി. ജയശ്രീ നായ്ക്ക്, സെക്രട്ടറി | സെക്രട്ടറി | വാസുദേവസദനം<br>സി.എം.സി 5, നെട്ടുംപുരയ്ക്കൽ, |

| | | | |
|---|---|---|---|
| | | | ചേർത്തല<br>ആലപ്പുഴ |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം |
|---|---|---|---|
| 1999-2000 (വരവ്) | എൽ.എഫ്.ഇ. (പി.1)921/02 /7.7.2005 | 1 | 2-3 |
| 2001-02പദ്ധതി വിഹിതം | എൽ.എഫ്.ഇ. (പി.1)1162/03 /4.2.2004 | 1 | 9 |
| 2006-07 | എൽ.എഫ്.ഇ. (പി.1)201/10, തീ. 14.6.11 | 2 | 3(5), 3(6) |
| 2009-10 | എൽ.എഫ്.ഇ.പി.1-321 /12 /26.3.12 /3.5.12 | 5 | 2-1(2), 2-2, 3-1, 3-2, 3-3 |
| 2010-11 | എൽ.എഫ്.ഇ.പി.1-322/12 /2.4.12 /7.5.12 | 3 | 2-4, 3-1, 3-4 |
| 2012-13 | എൽ.എഫ്.ഇ.(പി.3)403/15 / 06.04.2015 | 6 | 2-1, 3(2), 3-6, 3-7, 3-8 |
| 2013-14 & 2014-15 | നം.കെ.എസ്.എ-ഇ.കെ.എം (പി.3) 960/2016/ 22.06.2016 | 4 | 3-3, 3-4, 3-5, 3-7 |
| 2015-16 | നം.കെ.എസ്.എ-ഇ.കെ.എം (പി.3)1975/2016,07.12.2016 | 6 | 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം. (പി.3)1761/2017, 21.11.2017/12.12.2017 | 12 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4,3-5, 3-6, 3-8, 3-9, 3-10 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി.3)2193/2018, 3.12.2018/10.12.2018 | 14 | 2-2, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-13 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം.(പി.3) 1578/2019/3.01.2020 | 17 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-14,3-15, 3-16, 3-17, 3-21 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(പി.3) 518/2021/31.03.2021 /29.04.2021 | 10 | 1-15,1-16,1-17,1-18,1-21, 1-23,1-24,1-26,1-28,3-1 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം.(പി.3) 928/2022/06.08.2022/ 2022 | 30 | 1-2-1, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17 മുതൽ 1-24, 1-27, 1-29, 1-31, 1-34, 1-37, 3-1, 3-2, 4-3, 4-8, 4-11 |
| 2021-22 | കെ.എസ്.എ.ഇ.കെ.എം.(പി.3) 148/2023/12.04.2023 | 51 | 1.1 മുതൽ 4.11 വരെ |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 6(1) dated 22-06-2023 and submitted on 22-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Chellanam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chellanam Grama Panchayat for the year 2022-2023

Date: 16/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

**Audit Report appended to the Audit Certificate of Chellanam Grama Panchayat for the Year 2022-2023 .**

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj budget rules adversely affecting budgetary control system.

3.The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

**2.Other Observations**

The following mandatory financial statements prescribed in accounting rules are not submitted for audit.

Ratios and Notes on Accounts.

1. Discrepancy in the Cash Flow Statement of grama panchayath for F.Y 2022-23 as amount recorded in Net increase/ decrease in cash and cash equivalents does not match with the "Net Cash Generated By Operating+Investing+Financing Activity . Both figures should be equal as per the approved accounting

standards.

2. The closing balance of schedule R.P.40 (b) for the previous year on 31.03.2022 does not match with opening balance as per schedule R.P.40(a) in the F.Y 2022-23. There is a difference of Rs.10/- in the balance in Ubi e-payment account.
3. Property Tax D.C.B in A.F.S is not in tally with the D.C.B in Sulekha Statements.
4. Details of advances pending utilisation are not recorded in tha advance register. Despite most of the advances are recorded in the advance register,the project details, vouchers, date of transfer of money etc are not recorded.
5. The balance kept in the e-tender fees account of the Assistant Engineer, LSGD Engineering wing is not taken into account while preparing the A.F.S.
6. Bill requistions of treasury queue bills on 31/03/2023 are not cancelled with respect to various grants.
7. All outstanding liablities of the gramapanchayath as on 31/03/2023 are not included in the Balance sheet in the AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്